2025 MARCH
06
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper






# മൂന്നു ഡിഗ്രി വരെ ചൂടു കൂടും 11 ജില്ലകളിൽ വെള്ളിയാഴ്ച വരെ താപനില മുന്നറിയിപ്പ്, യെല്ലോ അലർട്ട്

**തിരുവനന്തപുരം:** സംസ്ഥാനത്ത് വീണ്ടും ഉയർന്ന താപനില മുന്നറിയിപ്പ്. 11 ജില്ലകളിൽ ഇന്നുമുതൽ വെള്ളിയാഴ്ച വരെ താപനില സാധാരണയെക്കാൾ രണ്ടു മുതൽ മൂന്നു ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

തൃശൂർ, പാലക്കാട് ജില്ലകളിൽ ഉയർന്ന താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഉയർന്ന താപനില 37 ഡിഗ്രി സെൽഷ്യസ് വരെയും; ആലപ്പുഴ, മലപ്പുറം ജില്ലകളിൽ ഉയർന്ന താപനില 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്.

ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം ഈ ജില്ലകളിൽ, മലയോര മേഖലകളിലൊഴികെ വെള്ളിയാഴ്ച വരെ ചൂടും ഈർപ്പവുമുള്ള കാലാവസ്ഥയ്ക്ക് സാധ്യതയുണ്ട്.

ഉയർന്ന ചൂട് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും.

ഈ സാഹചര്യത്തിൽ പൊതുജനങ്ങൾക്കായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജാഗ്രതാ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

## മുണ്ടക്കൈ, ചൂരൽമല ദുരന്തബാധിതരുടെ 385.87 ലക്ഷം വരുന്ന വായ്പകൾ എഴുതിത്തള്ളും

**തിരുവനന്തപുരം:** വയനാട് ജില്ലയിലെ മുണ്ടക്കൈ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ ഉരുൾപ്പൊട്ടൽ ബാധിതർ കേരള ബാങ്കിൻറെ ചൂരൽമല, മേപ്പാടി ശാഖകളിൽ നിന്ന് എടുത്ത 385.87 ലക്ഷം രൂപ വരുന്ന വായ്പകൾ എഴുതിത്തള്ളും.




ആദ്യപടിയായി 9 വായ്പകളിലായി 6.36 ലക്ഷം രൂപ എഴുതിത്തള്ളി. തുടർന്ന് റവന്യൂ വകുപ്പിൽ നിന്നുള്ള സമഗ്ര വിവരങ്ങളുടെ അടിസ്ഥാനത്തിൽ അവശേഷിച്ച വായ്പകളും എഴുതിത്തള്ളാൻ ബാങ്ക് തീരുമാനിച്ചെന്നും കേരള ബാങ്ക് പ്രസിഡൻറ് ഗോപി കോട്ടമുറിയ്ക്കൽ പറഞ്ഞു.

മേപ്പാടി പഞ്ചായത്തിലെ ചൂരൽമല ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ അയൽക്കൂട്ടങ്ങളുടെ അംഗങ്ങൾക്കായി പരമാവധി 2 ലക്ഷം രൂപ വരെയുള്ള പുതിയ കൺസ്യൂമർ/പേഴ്സണൽ വായ്പ പദ്ധതി നടപ്പിലാക്കാനും ബാങ്ക് തീരുമാനിച്ചു. കുടുംബശ്രീ മിഷൻ തിരഞ്ഞെടുക്കുന്ന കുടുംബശ്രീ അംഗങ്ങൾക്കാണ് പദ്ധതി പ്രകാരം വായ്പ നൽകുക. വയനാട് ദുരന്ത പശ്ചാത്തലത്തിൽ 50 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് കേരള ബാങ്ക് നൽകിയിരുന്നു.

## ഒറ്റയടിക്ക് 560 രൂപയുടെ വർധന; സ്വർണവില വീണ്ടും 64,000 ന് മുകളിൽ

**കൊച്ചി:** തുടർച്ചയായ മൂന്നുദിവസവും മാറ്റമില്ലാതെ തുടർന്ന സ്വർണവിലയിൽ വർധന. പവന് 560 രൂപയാണ് വർധിച്ചത്. ഇതോടെ ഒരു പവൻ സ്വർണത്തിന് 64,080 രൂപയായി. ഗ്രാമിന് 70 രൂപ വർധിച്ച് 8010 രൂപയിലുമെത്തി.

ഈ മാസം തുടക്കത്തിൻറെ സ്വർണവില താഴ്ന്ന പ്രവണതയായിരുന്നു. വെള്ളിയാഴ്ച ഗ്രാമിന് 80 രൂപ കുറഞ്ഞ് പവന് 63,520 രൂപയായിരുന്നു. തുടർന്നുള്ള മൂന്നു ദിനങ്ങളിൽ ഇതോ വിലയിൽ തന്നെയാണ് സ്വർണം വ്യാപാരം നടത്തിയിരുന്നത്. തുടർന്ന് വീണ്ടും സ്വർണവില 64,000 കടക്കുകയായിരുന്നു.

## കുംഭമേളക്കാലത്ത് 45 ദിവസം കൊണ്ട് ബോട്ടുടമ നേടിയത് 30 കോടി രൂപ

**ന്യൂഡൽഹി:** പ്രയാഗ് രാജിലെ മഹാകുംഭമേളയ്ക്കെത്തിയവർക്കായി സർവീസ് നടത്തിയ ബോട്ടുടമസ്ഥൻ 45 ദിവസം കൊണ്ട് നേടിയത് 30 കോടി രൂപ. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥാണ് ഇക്കാര്യം പുറത്തുവിട്ടത്. 130 ബോട്ടുകളുള്ള ഒരു കുടുംബം 45 ദിവസങ്ങൾ കൊണ്ട് നേടിയത് 30 കോടി രൂപയാണ്. അതായത് ഓരോ ബോട്ടുകളും 23 ലക്ഷം രൂപ വീതം നേടി. കൃത്യമായി പറഞ്ഞാൽ മഹാകുംഭമേളയിലൂടെ ദിവസം 50,000 മുതൽ 52,000 രൂപ വരെയാണ് ബോട്ടുടമസ്ഥർക്ക് നേടാനായത്. ഉത്തർപ്രദേശ് നിയമസഭയിൽ ബജറ്റ് അവതരണത്തിനിടെയാണ് യോഗി ഇക്കാര്യം വെളിപ്പെടുത്തിയത്.



കുംഭമേള ഉത്തർപ്രദേശിൻറെ സാമ്പത്തിക മേഖലയെ സ്വാധീനിച്ചതെങ്ങനെയെന്ന് വ്യക്തമാക്കുകയായിരുന്നു അദ്ദേഹം. 3.5 ലക്ഷം കോടിരൂപയുടെ വളർച്ചയാണ് കുംഭമേള സംസ്ഥാനത്തിന് സമ്മാനിച്ചതെന്നും യോഗി.

ഹോട്ടൽ, ഹോസ്പിറ്റാലിറ്റി മേഖലകളിൽ 40,000 കോടി രൂപ, ഭക്ഷണം, നിതേ്യാപയോഗ വസ്തുക്കൾ എന്നിവയിലൂടെ 33,000 കോടി രൂപ, ഗതാഗതം 1.5 ലക്ഷം കോടി രൂപ, അർച്ചനകൾ 20,000 കോടി രൂപ, സംഭാവന 660 കോടി രൂപ, ടോൾ ടാക്സ് വരുമാനം 300 കോടി രൂപ, മറ്റ് മേഖലകൾ വഴി 66,000 കോടി രൂപ എന്നിങ്ങനെയാണ് ലഭിച്ചിരിക്കുന്നത്.



# കിഴങ്ങുവർഗ കൃഷിയോടു താത്പര്യം കുറഞ്ഞു; ഉത്പന്നങ്ങൾക്ക് വിലയേറി

**പത്തനംതിട്ട:** കാട്ടുമൃഗങ്ങളെ ഭയന്ന് കിഴങ്ങുവർഗ കൃഷിയിൽ നിന്നു കർഷകർ പിന്തിരിഞ്ഞതോടെ ഉത്പന്നങ്ങൾക്ക് ക്ഷാമം. മലയോരത്തെ കൃഷിയിടങ്ങളിൽ ഒരുകാലത്ത് വിളവെടുത്തിരുന്ന ചേന, ചേന്പ്, മധുരക്കിഴങ്ങ്, കാച്ചിൽ, ഇഞ്ചി തുടങ്ങിയവയാണ് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നത്. ഇവയുടെ കൃഷിയിൽ നിന്നും കർഷകർ പിന്തിരിഞ്ഞു തുടങ്ങിയതോടെ വിപണിയിലേക്ക് ഉത്പന്നങ്ങളും എത്തുന്നില്ല.കൃഷിയിലേക്ക് തിരികെ എത്താൻ ആഗ്രഹിക്കുന്നവർക്ക് വിത്തുവിളകളും കിട്ടാനില്ലാത്ത സ്ഥിതിയാണ്. കാട്ടുമൃഗങ്ങളിൽ നിന്നും സംരക്ഷിച്ചു നിർത്തി വിളവെടുക്കുന്ന ഉത്പന്നങ്ങൾക്ക് ന്യായവില ലഭിക്കണമെന്നതിനാൽ വില താഴ്ത്തി നൽകാൻ കർഷകരും തയാറാകുന്നില്ല. കാലാവസ്ഥ വ്യതിയാനവും കർഷകർക്കു വെല്ലുവിളിയാണ്. പകൽച്ചൂടിൻറെ കാഠിന്യം ഏറിയതും പിന്നാലെ കാലംതെറ്റി പെയുന്ന മഴയുമെല്ലാം ഉത്പാദനത്തെ ബാധിക്കും.



വിപണിയിൽ ചേനയ്ക്കാണ് വില കുത്തനെ ഉയർന്നത്. കർഷകന് കിലോഗ്രാമിന് 55 70 രൂപ ലഭിക്കുന്നുണ്ട്. 90 110 രൂപയാണ് വില്പന വില. വിത്തിനങ്ങൾക്കായി ഇതര ജില്ലകളിൽ നിന്നും ചേന എത്തിച്ചു വില്പന നടത്തുന്നുണ്ട്. അടുത്തയാഴ്ച നടക്കുന്ന ഓമല്ലൂർ വയൽവാണിഭം കൂടി ലക്ഷ്യമാക്കി വിത്തിനങ്ങൾ വിപണിയിലേക്ക് എത്തിക്കുന്നുണ്ട്.

കാച്ചിലിന് 80 90 രൂപയാണ് കിലോഗ്രാമിന് വില. വ്യത്യസ്ത ഇനം കാച്ചിലുകളാണ് ഉള്ളത്. ഇവയാകട്ടെ വിത്തുത്പന്നങ്ങളായി വാങ്ങുന്നവർ ഉണ്ട്. മധുരക്കിഴങ്ങ് 70 രൂപയ്ക്കാണ് വിൽക്കുന്നത്. ശീമച്ചേന്പ് വിത്തിന് കിലോഗ്രാമിന് 80 രൂപയും നടാനുള്ള തടയ്ക്ക് 40 രൂപയുമാണ് വില. ഇഞ്ചിക്ക് കിലോഗ്രാമിന് 80 രൂപ വിലയുണ്ട്. ഇഞ്ചി വില നേരത്തെ തന്നെ ഉയർന്നു നിൽക്കുകയാണ്. വിത്തിനം ഇഞ്ചിക്ക് ഇനി വില കൂടിയേക്കും.

മലയോര കർഷകരെ കൃഷിയിടത്തിൽ നിന്നു തന്നെ കുടിയിറക്കിയത് കാട്ടുപന്നികളാണ്. ഇതിൽ തന്നെ ഇവ മൂലം ഏറ്റവുമധികം നഷ്ടം നേരിട്ടത് കിഴങ്ങുവർഗ കർഷകരെയാണ്. മരച്ചീനി, ചേന്പ്, ചേന, മധുരക്കിഴങ്ങ് എന്നിവയോടാണ് കാട്ടുപന്നികൾക്ക് ഏറെ താത്പര്യം. കാട്ടുപന്നി ആക്രമണത്തിൽ നിന്നും കിഴങ്ങുവർഗകൃഷിക്കു സംരക്ഷണം നൽകുകയെന്നത് കർഷകർക്കു വെല്ലുവിളിയായി മാറി. ഇതോടെ കൃഷി ഉപേക്ഷിക്കുകയല്ലാതെ തരമില്ലാതായി. കിഴങ്ങുവർഗ കൃഷി വൻതോതിൽ കുറയാനും ഇതു കാരണമായി. മരച്ചീനി മാത്രമാണ് മൊത്തമായി കൃഷി ചെയ്യുന്നത്. ഇതാകട്ടെ പന്നി കൃഷിയിടത്തിൽ പ്രവേശിക്കാതിരിക്കാനുള്ള സംരക്ഷണ വേലി അടക്കം നിർമിച്ചാണ് കൃഷി നടത്തിയിട്ടുള്ളത്. ഇഞ്ചി കൃഷിയെയും കാട്ടുപന്നി ആക്രമിക്കാറുണ്ട്. ഇഞ്ചി തടമെടുത്ത് നടുന്നതിനു പിന്നാലെ കാട്ടുപന്നി എത്തി ഉഴുതുമറിക്കുന്നതാണ് കണ്ടുവരുന്നത്. കാട്ടുകോഴി അടക്കമുള്ളവയും കിഴങ്ങുവർഗ കൃഷിക്കു നാശം ഉണ്ടാക്കാറുണ്ട്. കാട്ടാന പ്രവേശിക്കുന്ന ഇടങ്ങളിൽ ഇവ കൃഷിയിടങ്ങൾ ചവിട്ടി മെതിക്കുന്നതും പതിവുസംഭവം.

വേനൽമഴ ലഭിച്ചതിനു പിന്നാലെ കിഴങ്ങുവർഗ കൃഷിയിലേക്ക് കർഷകർ തിരിയാറുണ്ടെങ്കിലും അധ്വാന ഭാരം ഏറെയാണെന്ന് പറയുന്നു. കൃഷിയിടങ്ങളിൽ കാട്ടുമൃഗങ്ങൾ കടക്കാതെ സംരക്ഷിച്ചു നിർത്തുകയെന്നതു ഭാരിച്ച ജോലിയാണ്. ടിൻ ഷീറ്റുകൾ കൊണ്ടും സോളാർ വേലി കൊണ്ടും മറ തീർത്താണ് കൃഷിയിലേക്ക് കടക്കാറുള്ളത്.

കാട്ടുമൃഗ ആക്രമണം രൂക്ഷമായ മേഖലകളിൽ കൃഷി ഇറക്കാതെ തരിശുകിടക്കുന്നതിനാൽ ഇത്തരം സ്ഥലങ്ങളിൽ അധ്വാനം കൂടുതലാണ്. കൃഷിച്ചെലവുകളിലും വർധനയുണ്ടായി. അധ്വാനഭാരവും ചെലവും ഏറിയതിനാൽ ന്യായവില കർഷകനു ലഭിച്ചേ മതിയാകൂവെന്ന് മൈലപ്ര കർഷക കൂട്ടായ്മ കൺവീനർ ഗീവർഗീസ് തറയിൽ അഭിപ്രായപ്പെട്ടു.

കിഴങ്ങുവർഗ കൃഷിയിലേക്ക് കടക്കാൻ ആഗ്രഹിക്കുന്ന കർഷകർക്ക് ആവശ്യമായ എല്ലാ ഉത്പന്നങ്ങളും എത്തിച്ചു നൽകാൻ ക്രമീകരണം ഉണ്ടെന്നും അദ്ദേഹം പറഞ്ഞു. വിവിധ സ്ഥലങ്ങളിൽ നിന്നായി ചേനയും കാച്ചിലും ഇഞ്ചിയും അടക്കം വാങ്ങി കർഷക കൂട്ടായ്മ സ്റ്റോക്ക് ചെയ്തിട്ടുണ്ട്.

## മണമ്മേൽ ശ്രീകാളീശ്വരി ക്ഷേത്രം തിരുവുത്സവം

**കൊച്ചി:** വൈറ്റില ജനത മണമ്മേൽ ശ്രീകാളീശ്വരി ക്ഷേത്രം തിരുവുത്സവം ഇന്നലെ(05ബുധൻ) ആരംഭിച്ചു. ക്ഷേത്രം തന്ത്രി അരിയന്നൂർ ഇല്ലം ബ്രഹ്മശ്രീ ശംഭു നമ്പൂതിരി, ക്ഷേത്രം മേൽശാന്തി മിഥുൻ പുതുവൽ നികർത്ത് എന്നിവരുടെ കാർമ്മികത്വത്തിൽ തൃക്കൊടിയേറ്റ് നടന്നു. രാത്രി 8.30 ന് കലാസന്ധ്യയും തുടർന്ന് പ്രാദേശിക കലാകൂട്ടായ്മ. നൃത്തനൃത്ത്യങ്ങൾ, തിരുവാതിര, കൈകൊട്ടിക്കളിതുടങ്ങിയ പരിപാടികളും നടന്നു.

ഇന്ന് വ്യാഴാഴ്ച രാവിലെ പത്തിന് വാർഷിക പൂജ, 11.30 ന് പ്രസാദഊട്ട്. വൈകീട്ട് 7.00 ന് മുത്തപ്പന് ചന്ദനംചാർത്തും ദീപക്കാഴ്ചയും, വൈകീട്ട് 7.45 ന് താലംവരവ്. രാത്രി 8.30 ന് മണ്ണാറശാല പുരുഷോത്തമനും സംഘവും അവതരിപ്പിക്കുന്ന കളമെഴുത്തും പാട്ടും. മൂന്നാം ദിനമായ മാർച്ച് 7 വെള്ളിയാ ഴ്ച രാവിലെ 11.30 ന് പ്രസാദഊട്ട്, വൈകീട്ട് ആറരയ്ക്ക്ശേഷം പുമുടൽ. രാത്രി 8.30 ന് ആലപ്പുഴ ക്ലാപ്സ് ഗാനമേള. മാർച്ച് 8 നാലാം ദിനമായ ശനിയാഴ്ച്ച രാവിലെ 11.30 ന് പ്രസാദഊട്ട്. 12.00 ന് സംഗീതാർച്ചന. രാത്രി 7 ന് മജീഷ്യൻ കാദംബരി മോഹൻദാസ് മാജിക് ഷോ. വൈകീട്ട് 7.30 ന് സുജനാനന്ദിനി ധീവര മഹിളാ സമാജത്തിന്റെ ആഭിമുഖ്യത്തിൽ താലംവരവ്. രാത്രി 8.30 ന് രവിപുരം വിഷ്ണുവും, മഞ്ഞുമ്മൽ മഹാദേവനും അണി നിരക്കുന്ന ഡബിൾ തായമ്പക. ആറാട്ട് മഹോത്സവദിനമായ മാർച്ച് 9 ഞായറാഴ്ച രാവിലെ 8.30 ന് കാഴ്ച ശ്രീബലി, പഞ്ചാരി മേളം, 11.30 ന് ആറാട്ട് സദ്യ. ഉച്ചയ്ക്ക് 12 ന് കരോക്കെ ഗാനമേള, വൈകീട്ട് നാലിന് ജനത ജംഗ്ഷനിൽ നിന്നും പകൽപൂരം. ഗംഭീര കാവടി ഷോഷയാത്രയും കലാരൂപങ്ങളും പകൽപൂരത്തിൽ അണി നിരക്കുന്നു. പുലർച്ചെ മൂന്നരയ്ക്ക് ശേഷം ആറാട്ടിന് എഴുന്നള്ളിപ്പ്. തുടർന്ന് തൃക്കൊടിയിറക്കൽ ആറാട്ടും മംഗളപൂജയും, മണമ്മേൽ ശ്രീകാളീശ്വരി ക്ഷേത്രം പ്രസിഡന്റ് എം.പി. ജയൻ, സെക്രട്ടറി പി.എസ്. സനോജ്, കൺവീനർ പി.പി. സിനീഷ്, ഖജാൻജി ടി.ഡി. സുനിൽ എന്നിവർ പത്രക്കുറിപ്പിൽ അറിയിച്ചു.

## ഭാരതപ്പുഴ വറ്റിത്തുടങ്ങി; വൃഷ്ടിപ്രദേശങ്ങൾ രൂക്ഷമായ വരൾച്ചയിലേക്ക്

**ഒറ്റപ്പാലം:** വേനൽ കടുത്തതോടെ ഭാരതപ്പുഴയുടെ ഭൂരിഭാഗം പ്രദേശങ്ങളും വറ്റി. മൂന്ന് ജില്ലകളിലായി 444 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട് പുഴ വറ്റിയതോടെ ഇതിനെ ആശ്രയിച്ചു കഴിയുന്നവർ വരുംദിവസങ്ങളിൽ ബുദ്ധിമുട്ടിലാവുമെന്നുറപ്പായി. ഈ നില തുടർന്നാൽ ഭൂരിഭാഗം കുടിവെള്ള പദ്ധതികൾക്കും ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം മാത്രമാണ് വെള്ളം എടുക്കാൻ കഴിയുക.

മൂന്ന് ജില്ലകളിലായി 175 പഞ്ചായത്തുകൾ, എട്ട് മുനിസിപ്പാലിറ്റികൾ, 444 കുടിവെള്ള പദ്ധതികൾ ഭാരതപ്പുഴയിലെ വെള്ളത്തെ ആശ്രയിക്കുന്നവരുടെ എണ്ണം കുറച്ചല്ല.

കൃഷിക്കായി നാനൂറിലധികം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുണ്ട്. കന്നുകാലികളും മറ്റ് മൃഗങ്ങളും ഭാരതപ്പുഴയെ ആശ്രയിക്കുന്നുണ്ട്. മണൽ കോരിയ ചെറിയ ചാലുകളിലും തടയണകൾ കെട്ടിയടത്തും മാത്രമാണ് ഇപ്പോൾ വെള്ളമുള്ളത്.



ഇത് തന്നെ ആവശ്യത്തിനില്ല. വർഷകാലത്തെ മൂന്ന് മാസം മാത്രമാണ് മുഴുവൻ ഭാഗത്തേക്കും വെള്ളം വ്യാപിക്കുന്നത്. അശാസ്ത്രീയമായ മണൽ വാരലാണ് പുഴയെ ഈ നിലയിലെത്തിച്ചത്. പുഴ വറ്റിയതോടെ സമീപ പ്രദേശങ്ങളിലും ജലക്ഷാമം രൂക്ഷമായി തുടങ്ങിയിട്ടുണ്ട്.

കുടിവെള്ളത്തിന് കുഴൽ കിണറുകളെ ആശ്രയിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഭൂഗർഭജലവും വറ്റി തുടങ്ങിയിട്ടുണ്ടെന്നാണ് സൂചന.

പുഴയുടെ പല ഭാഗങ്ങളിലും ഇന്ന് മരങ്ങളും ചെടികളുമാണ്.

മാലിന്യം നിക്ഷേപിക്കുന്നതിനുള്ള സ്ഥലമായി പലരും പുഴയെ തെരഞ്ഞെടുക്കുക കൂടി ചെയ്തതോടെ ഭാരതപ്പുഴ വലിയ പാരിസ്ഥിതിക പ്രശ്നം കൂടിയായി മാറിയിട്ടുണ്ട്.

## യുവജന കമ്മീഷൻ തിരുവനന്തപുരം ജില്ലാതല അദാലത്ത്; 19 പരാതികൾ തീർപ്പാക്കി

**തിരുവനന്തപുരം:** കേരള സംസ്ഥാന സംസ്ഥാന യുവജന കമ്മീഷൻ ആസ്ഥാനത്ത് നടന്ന തിരുവനന്തപുരം ജില്ലാ അദാലത്തിൽ 30 പരാതികൾ പരിഗണിച്ചു. 19 പരാതികൾ പരിഹരിച്ചു. 11 പരാതികൾ അടുത്ത സിറ്റിംഗിലേക്ക് മാറ്റിവെച്ചു. പുതിയതായി 6 പരാതികൾ ലഭിച്ചു. സാമൂഹ്യ മാധ്യമങ്ങളിലൂടെയും വാർത്താചാനലുകളിലൂടെയുമുള്ള അധിക്ഷേപം, നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല എന്ന പരാതി, വിദ്യാഭ്യാസ സ്ഥാപങ്ങളിലെ മാനസികപീഡനം, തൊഴിൽ തട്ടിപ്പ് തുടങ്ങിയവയുമായി ബന്ധപ്പെട്ട പരാതികൾ പരിഗണിച്ചു.യുവജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് കൃത്യമായ പരിഹാരങ്ങൾ ലഭ്യമാക്കുന്നതിന് കമ്മീഷൻ ഇടപെടുമെന്നും യുവജനങ്ങളുടെ മാനസികാരോഗ്യം ഉറപ്പാക്കാനുള്ള വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുകയാണെന്നും കമ്മീഷൻ ചെയർമാൻ പറഞ്ഞു. യുവജനങ്ങൾക്കിടയിൽ വർദ്ധിക്കുന്ന ജോലി സമ്മർദ്ദം സംബന്ധിച്ച് ശാസ്ത്രീയപഠനം നടത്തി യുവജന കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. മോഡേൺ വേൾഡ് ഓഫ് വർക്ക് ആൻഡ് യൂത്ത് മെന്റൽ ഹെൽത്ത് എന്ന വിഷയത്തിൽ കഴക്കൂട്ടം ടെക്നോപാർക്കിലെ ട്രാവൻകൂർ ഹാളിൽ നാഷണൽ യൂത്ത് സെമിനാർ സംഘടിപ്പിച്ചതായും ചെയർമാൻ കൂട്ടിച്ചേർത്തു.

# വനിതാ ദിനത്തിൽ ലഹരിക്കെതിരെ റാലിയുമായി കെവിവിഇഎസ് വനിതാ വിംഗ്

**കൊച്ചി:** ലോക വനിതാദിനത്തോടനുബന്ധിച്ച് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി വനിതാ വിംഗ് എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ മാർച്ച് എട്ടിന് (08.03.2025, ശനി) ലഹരി വിരുദ്ധ സന്ദേശ റാലിയും സെമിനാറും സംഘടിപ്പിക്കും. എറണാകുളം ഗസ്റ്റ് ഹൗസിനു സമീപം ബ്രോഡ് വേ ഷൺമുഖം ജംഗ്ഷനിൽ നിന്നാരംഭിക്കുന്ന റാലി കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി ജേക്കബ്ബ് ഫ്ളാഗ് ഓഫ് ചെയ്യും. തുടർന്ന് രാജേന്ദ്രമൈതാനത്ത് നടക്കുന്ന സെമിനാർ നാർക്കോട്ടിക് സെൽ അസിസ്റ്റന്റ് കമ്മീഷണർ അബ്ദുൾ സലാം ഉദ്ഘാടനം ചെയ്യും. വനിതാ വിംഗ് ജില്ലാ പ്രസിഡന്റ് ജയാ പീറ്റർ അധ്യക്ഷത വഹിക്കും. ഏകോപന സമിതി ജില്ലാ ജനറൽ സെക്രട്ടറി എ.ജെ റിയാസ് മുഖ്യപ്രഭാഷണം നടത്തും. ട്രഷറർ സി.എസ് അജ്മൽ, വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത്, ജില്ലാ വൈസ് പ്രസിഡന്റും വനിതാ വിംഗ് കോർഡിനേറ്ററുമായ എം.സി പോൾസൺ, വൈസ് പ്രസിഡന്റ് അബ്ദുൾ റസാഖ്, സെക്രട്ടറി കെ.ടി ജോയ്, വനിതാ വിംഗ് സംസ്ഥാന വൈസ് പ്രസിഡന്റ് മായ ജേക്കബ്ബ്, യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസ്, ഏകോപന സമിതി എറണാകുളം നിയോജകമണ്ഡലം ജനറൽ സെക്രട്ടറി എഡ്വേർഡ് ഫോസ്റ്റസ്, ട്രഷറർ അബ്ദുൾ ഷുക്കൂർ, വനിതാ വിംഗ് സെക്രട്ടറി സീന സജീവ്, ട്രഷറർ സുനിത വിനോദ് തുടങ്ങിയവർ സംസാരിക്കും.

# വനിതാ ദിനാഘോഷവും വനിതാ രത്ന പുരസ്കാര വിതരണവും മാർച്ച് 8ന്

**തിരുവനന്തപുരം:** അന്താരാഷ്ട്ര വനിതാ ദിനാചരണത്തോടനുബന്ധിച്ച് വനിതാശിശുവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 8ന് തിരുവനന്തപുരം കനകക്കുന്ന് നിശാഗന്ധി ആഡിറ്റോറിയത്തിൽ സംസ്ഥാനതല പരിപാടികൾ സംഘടിപ്പിക്കും.

പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം മാർച്ച് 8 ന് വൈകുന്നേരം 5ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ വച്ച് ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി വീണാ ജോർജ്ജ് നിർവഹിക്കും. ഭക്ഷ്യ പൊതു വിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ അധ്യക്ഷനാകും.

മാർച്ച് 8ന് രാവിലെ 11ന് കാര്യപരിപാടികൾ ആരംഭിക്കും. വനിതാ എഴുത്തുകാരുടെ സംഗമം, സ്ത്രീ പ്രാതിനിധ്യം കുറവുള്ള മേഖലകളിൽ പ്രാവീണ്യം തെളിയിച്ച വനിതകളുടെ സംഗമം, കോളേജ് വിദ്യാർത്ഥിയുടെ സംവാദം എന്നിവയെ തുടർന്ന് കളരിപ്പയറ്റും അരങ്ങേറും.

ചടങ്ങിനൊടനുബന്ധിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണവുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ തങ്ങളുടേതായ വ്യക്തിമുദ്രയും മികവും പ്രകടമാക്കിയ വിശിഷ്ട വ്യക്തിത്വങ്ങൾക്ക് വനിതാ രത്ന പുരസ്കാരം നൽകിയും ഐ.സി.ഡി.എസ് പദ്ധതി പ്രവർത്തനത്തിൽ മികവുപുലർത്തിയവർക്കായി അവാർഡുകൾ നൽകിയും ആദരിക്കും.

മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി, ശശി തരൂർ എം.പി., വി കെ പ്രശാന്ത് എം.എൽ.എ, മെയർ ആര്യ രാജേന്ദ്രൻ, വനിതാ കമ്മീഷൻ അധ്യക്ഷ പി സതീദേവി, വിനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ ഹരിത വി കുമാർ തുടങ്ങിയവർ സന്നിഹിതരായിരിക്കും.

# കയർ ബോർഡ് സെമിനാർ മാർച്ച് 10ന്

**ആലപ്പുഴ:** കേന്ദ്ര എംസ്എംഇ മന്ത്രാലയത്തിന് കീഴിലുള്ള കയർ ബോർഡ് കലവൂർ റീജിയണൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ പരമ്പരാഗത കയർ വ്യവസായത്തിന്റെ സുസ്ഥിര വികസനത്തിന് സ്പിന്നിംഗ് മേഖലയുടെ ആധുനികവൽക്കരണം എന്ന വിഷയത്തിൽ മാർച്ച് 10ന് പ്രാദേശിക സെമിനാർ സംഘടിപ്പിക്കും.

രാവിലെ 09.30ന് ചുങ്കം പഗോഡ റിസോർട്ടിൽ ആരംഭിക്കുന്ന സെമിനാർ ജില്ലാ കളക്ടർ അലക്സ് വർഗീസ് ഉദ്ഘാടനം ചെയ്യും. സെമിനാറിൽ ബയോ ബ്ലീച്ചിങ്, സ്പിന്നിങ് മേഖലയുടെ ആധുനികീകരണം, കയർ പ്ലൈ, കയർ കയറ്റുമതി മേഖലയിലെ മാലിന്യം ഉപയുക്തമാക്കൽ, കയർ ഉത്പന്ന വൈവിധ്യവത്കരണം എന്നീ വിഷയങ്ങളിൽ ചർച്ച നടക്കും.

കയർ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ ആൻഡ് ഡയറക്ടർ ഇൻ ചാർജ് ടി ഒ ഗംഗാധരൻ അധ്യക്ഷനാകും. സിഐസിടി ആൻഡ് സിസിആർഐ ഡയറക്ടർ ഡോ. ഒ എൽ ഷൺമുഖ സുന്ദരം മുഖ്യപ്രഭാഷണം നടത്തും. കയർ ബോർഡ് കലവൂർ റീജയണൽ ഓഫീസർ ഇൻ ചാർജ് കെ ശിവൻ, കയർ ഫെഡ് ചെയർമാൻ ടി കെ ദേവകുമാർ, കയർ കോർപ്പറേഷൻ ആൻഡ് ഫോം മാറ്റിങ്സ് ഇന്ത്യ ലിമിറ്റഡ് ചെയർമാൻ ജി വേണുഗോപാൽ, ആലപ്പുഴ കെസിഡബ്ല്യൂഡബ്ല്യൂഎഫ്ബി ചെയർമാൻ കെ കെ ഗണേഷൻ, കെ എസ് സി എം എം കമ്പനി ലിമിറ്റഡ് ചെയർമാൻ എം എച്ച് റഷീദ്, എഫ്ഐസിഇഎ ചെയർമാൻ റോബി ഫ്രാൻസിസ്, കലവൂർ റീജയണൽ ഓഫീസ് എക്സ്റ്റൻഷൻ സർവീസ് ഓഫീസർ പി എൻ സാബു, വിവിധ സംഘടന ഭാരവാഹികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

# പട്ടികവർഗ്ഗ വികസനത്തിന് കൃത്യമായ പദ്ധതികളുമായി മുന്നോട്ട്പോകും: മന്ത്രി ഒ ആർ കേളു

**തിരുവനന്തപുരം:** പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിന് കാലാനുസൃതമായി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുമെന്നും ഇതിനായി കൃത്യമായ നടപടികളുമായി സർക്കാർ മുന്നോട്ടു പോവുകയാണെന്നും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രി ഒ ആർ കേളു പറഞ്ഞു. തൈക്കാട് സർക്കാർ അതിഥി മന്ദിരത്തിൽ നടന്ന പട്ടികവർഗ്ഗ മേഖലയിലെ സംഘടനാ പ്രതിനിധികളുമായുള്ള യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്തെ എല്ലാ ജില്ലയിലും മന്ത്രിയും വകുപ്പ് ഉദ്യോഗസ്ഥരും സിറ്റിംഗ് നടത്തി വിഷയങ്ങൾ വിലയിരുത്തിയിരുന്നു. സാമ്പത്തികം, ഭൂമി ലഭ്യമാക്കൽ, ആരോഗ്യം, തൊഴിൽ ഉൾപ്പടെ പല മേഖലകളിലും പുരോഗതി നേടാനുണ്ട്. എന്നാൽ പുതുതലമുറയ്ക്ക് പ്രയോജനപ്പെടുന്ന രീതിയിൽ വിദ്യാഭ്യാസ മേഖലയിൽ ഉന്നമനം നേടാനായിട്ടുണ്ട്. ചർച്ചകളിലൂടെ നേരിട്ട് വിഷയങ്ങൾ മനസിലാക്കി മുന്നോട്ട് പോകുമെന്നും പദ്ധതികൾ വേഗത്തിലും സുതാര്യമായും നടപ്പാക്കുന്നതിന് വകുപ്പിന്റെ സജീവമായ ഇടപെടൽ ഉണ്ടാവുമെന്നും മന്ത്രി വ്യക്തമാക്കി.

വിവിധ ത്രിതല പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ 60 ശതമാനം ഫണ്ട് ചെലവിടൽ മാത്രമേ സാധ്യമാകുന്നുള്ളു. ഇത് വർധിപ്പിക്കാനാകണം. ശുചിത്വം, വീട്, ഭൂമി എന്ന നിലയിൽ മാത്രമായി പദ്ധതികൾ മാറരുത്. അനുവദിക്കുന്ന ഭൂമി അർഹരായവർ തന്നെ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുമെന്ന് മന്ത്രി പറഞ്ഞു. വായ്പ നൽകുന്നതുൾപ്പടെയുള്ള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷന്റെ സേവനങ്ങൾ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ നിശ്ചയമായും പ്രയോജനപ്പെടുത്തണം. ജാതിയും ഉപജാതിയും അവയുടെ സർട്ടിഫിക്കറ്റ് ലഭ്യമാക്കലും നിലവിൽ കൂടുതൽ സങ്കീർണമായിട്ടുണ്ടെന്നും കിർത്താഡ്സ് ഇതിൽ കൃത്യമായ പരിശോധനകൾ നടത്തുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് സഹായകമാകുന്ന അഭിപ്രായങ്ങൾ രൂപീകരിക്കാനും വിവിധ വിഷയങ്ങൾക്കുള്ള പരിഹാരങ്ങളും നിർദേശങ്ങളും സംഘടനകളുമായി ചർച്ച ചെയ്യാനുമാണ് യോഗം സംഘടിപ്പിച്ചത്. യോഗത്തിൽ ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്കും ഉപകാരപ്പെടുമെന്നും മന്ത്രി പറഞ്ഞു.

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ഡോ. രേണു രാജ് സ്വാഗതം ആശംസിച്ചു.

നാല്പത്തി അഞ്ചോളം സംഘടനകളുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു വിഷയങ്ങൾ അവതരിപ്പിച്ചു. കിർത്താഡ്സ് ഡയറക്ടർ ഡോ. ബിന്ദു. എസ്, കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ വി.പി സുബ്രമണ്യൻ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

# വാർധക്യ സൗഹൃദ ഭവനങ്ങളുൾപ്പെടെ പുതിയ കാലത്തെ നിർമാണ ആവശ്യങ്ങൾ തിരിച്ചറിയണം: മന്ത്രി കെ രാജൻ

**തിരുവനന്തപുരം:** വാർധക്യകാലത്ത് ആവശ്യമായ പകൽ വീടുകൾ ഉൾപ്പെടെയുള്ള സമൂഹത്തിന്റെ കാലികമായ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് നിർമാണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സംസ്ഥാന ഭവന നിർമാണ ബോർഡിന് കഴിയണമെന്ന് റവന്യൂ ഭവനനിർമാണ വകുപ്പ് മന്ത്രി കെ രാജൻ പറഞ്ഞു. ഭവനനിർമാണ ബോർഡിന്റെ 54ാം വാർഷികവും വാടക കുടിശ്ശിക നിവാരണ അദാലത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും തിരുവനന്തപുരം ഭവനനിർമാണ ബോർഡ് ആസ്ഥാനത്ത് നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. 1924ൽ സ്ഥാപിതമായ ഭവന നിർമാണ ബോർഡ് എം.എൻ ഗോവിന്ദൻ നായരുടെ നേതൃത്വത്തിൽ വലിയ സംഭാവനയാണ് കേരളത്തിന് നൽകിയത്. ലക്ഷം വീട് പദ്ധതിയിലൂടെ എല്ലാവർക്കും ഭവനം ഉറപ്പാക്കാനുള്ള ശ്രമം ആരംഭിച്ചു. വിവിധ വായ്പാ പദ്ധതികളിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായുള്ള സഹകരണത്തിലൂടെയും ജനകീയ പങ്കാളിത്തത്തോടെ ഭൂമി, ആരോഗ്യം, വിദ്യാഭ്യാസം എന്നിവയോടൊപ്പം പാർപ്പിടങ്ങളും ജനങ്ങൾക്ക് ലഭിക്കാൻ തുടങ്ങി. പുതിയ കാലത്ത് ഭവന നിർമാണ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു നയം രൂപീകരിച്ച് നടപ്പിലാക്കാൻ കഴിയണം. ദുരന്ത ബാധിത സ്ഥലങ്ങളിലേക്കെത്തുമ്പോൾ പലപ്പോഴും തകർന്നു കിടക്കുന്ന പല നിർമാണങ്ങളും അനുവദനീയമായതല്ല എന്ന തിരിച്ചറിവ് ഉണ്ടാകുന്നു. ഏതൊക്കെ നിർമാണ വസ്തുക്കളും നിർമാണ രീതികളുമാണ് ഉപയോഗിക്കാൻ സാധിക്കുക എന്നതിൽ വ്യക്തതയുണ്ടാകേണ്ടതുണ്ട്. അടച്ചുപൂട്ടപ്പെട്ട വീടുകൾ ടൂറിസത്തിന് ഹോം സ്റ്റേകളായി ഉപയോഗിക്കാം എന്ന നിർദേശം അനുകരണീയമാണ്. കാലവസ്ഥ വ്യതിയാനം രൂക്ഷമാകുന്ന കാലത്തിൽ പ്രകൃതി സൗഹൃദ നിർമാണ രീതി പ്രോൽസാഹിപ്പിക്കുകയും അവ പൂർത്തീകരിക്കാൻ ആവശ്യമായ സമയം നിർണയിക്കുകയും വേണം.

ഭവന നിർമാണ ബോർഡ് നടപ്പിലാക്കുന്ന ഗൃഹശ്രീ പദ്ധതിക്ക് ബജറ്റിൽ മുൻവർഷത്തിനേക്കാൾ ഇരട്ടി തുക വകയിരുത്തിയിട്ടുണ്ട്. പുതിയ മാറ്റമനുസരിച്ച് രണ്ട് ലക്ഷം രൂപക്ക് പകരം 3 ലക്ഷം രൂപ ഗവൺമെന്റ് വിഹിതമായി. കുടിശ്ശിക സമയബന്ധിതമായി പിരിക്കുന്നതിന് ബോർഡ് താഴെത്തട്ടിൽ വരെ ശ്രദ്ധ ചെലുത്തണം. മറൈൻ ഇക്കോ സിറ്റിക്ക് മേയിൽ തറക്കല്ലിടും. പ്രവർത്തന പുരോഗതി ഓരോ ആഴ്ചയിലും റവന്യൂ സെക്രട്ടേറിയേറ്റ് വിലയിരുത്തും. 35 ലക്ഷം സ്ക്വയർ ഫീറ്റിലുയരുന്ന മൂന്ന് നില പാർക്കിംഗ്, കൺവെൻഷൻ സെന്റർ, റസിഡൻഷ്യൽ, കൊമേഴ്സ്യൽ ഏരിയകൾ ഉൾപ്പെടുന്ന പദ്ധതി കേരളത്തിലെ അഭിമാന പദ്ധതിയായി മാറുമെന്നും മന്ത്രി പറഞ്ഞു. ഭവനനിർമാണ ബോർഡ് ചെയർമാൻ ടി.വി ബാലൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ സെക്രട്ടറി ഷീബാ ജോർജ് സ്വാഗതമാശംസിച്ചു. ബോർഡ് അംഗങ്ങളായ മാങ്കോട് രാധാകൃഷ്ണൻ, സുമോദ് കെ എബ്രഹാം, അഡീഷണൽ സെക്രട്ടറി കെ. ബാബു, ചീഫ് എൻജിനീയർ എസ്. മനോമോഹൻ എന്നിവർ സംബന്ധിച്ചു. ചീഫ് പ്രോജക്റ്റ് എഞ്ചിനീയർ എസ്. ഗോപകുമാർ നന്ദി അറിയിച്ചു.

# പാലിയേറ്റീവ് കെയർ സേവനം സാർവത്രികമാക്കാൻ മാർഗനിർദേശങ്ങൾ

**തിരുവനന്തപുരം:** പാലിയേറ്റീവ് പരിചരണം സാർവത്രികമാക്കുന്നതിന്റെ ഭാഗമായി ആരോഗ്യ മന്ത്രി വീണാ ജോർജ്, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് എന്നിവരുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു. മുഖ്യമന്ത്രി പ്രഖ്യാപിച്ച സാർവത്രിക പാലിയേറ്റീവ് കെയർ സേവനത്തിനായി തയ്യാറാക്കിയ ഒന്നാം ഘട്ട പദ്ധതിയുടെ മാർഗനിർദേശങ്ങൾ യോഗം ചർച്ച ചെയ്ത് അന്തിമ രൂപമാക്കി. പാലിയേറ്റീവ് കെയർ രംഗത്തുള്ള എല്ലാ സന്നദ്ധ സംഘടനകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാഥമിക രജിസ്ട്രേഷൻ നൽകും. ആരോഗ്യ സേവനങ്ങൾ നൽകുന്നവർക്ക് ആരോഗ്യ വകുപ്പിന്റെ രജിസ്ട്രഷൻ കൂടി ആവശ്യമാണ്. വോളന്റിയർമാർക്ക് വാർഡ് തലത്തിൽ പരിശീലനം ഉറപ്പാക്കും. അതിന് ശേഷമായിരിക്കും സന്നദ്ധ സേവനത്തിന് നിയോഗിക്കുന്നത്. വിവിധ വകുപ്പുകളെ പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിക്കും.

പാലിയേറ്റീവ് കെയർ സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കേരള കെയർ'പാലിയേറ്റീവ് കെയർ ഗ്രിഡിന്റെ പ്രകാശനം കഴിഞ്ഞ ദിവസം മുഖ്യമന്ത്രി നിർവഹിച്ചിരുന്നു. സംസ്ഥാനത്തെ സർക്കാർ, സന്നദ്ധ മേഖലകളിൽ പ്രവർത്തിക്കുന്ന മുഴുവൻ പാലിയേറ്റീവ് കെയർ യൂണിറ്റുകളേയും ഏകോപിപ്പിച്ച് കൊണ്ട് കിടപ്പ് രോഗികൾക്ക് മികച്ച സാന്ത്വന പരിചരണ സേവനങ്ങൾ നൽകുന്നതിന് വേണ്ടിയാണ് പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരിച്ചിരിക്കുന്നത്. രോഗികളെ രജിസ്റ്റർ ചെയ്ത് തുടർപരിചരണം ഉറപ്പാക്കൽ, സന്നദ്ധ പ്രവർത്തകരുടെ രജിസ്ട്രേഷനും പരിശീലനവും, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തിവരുന്ന സന്നദ്ധ സംഘടനകൾക്ക് രജിസ്ട്രേഷൻ, പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ ഉറപ്പാക്കൽ, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന, ജില്ലാ, പഞ്ചായത്ത്, വാർഡ് തലങ്ങളിൽ ഡാഷ് ബോർഡ്, പൊതുജനങ്ങൾക്കുള്ള ഡാഷ് ബോർഡ് എന്നിവയാണ് പാലിയേറ്റീവ് കെയർ ഗ്രിഡിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. കിടപ്പ് രോഗികൾക്ക് പരിചരണത്തോടൊപ്പം മാനസികസാമൂഹിക പിന്തുണ ഉറപ്പാക്കാനും പാലീയേറ്റീവ് കെയർ ഗ്രിഡിലൂടെ സാധിക്കും. ഇതിലൂടെ സാന്ത്വന പരിചരണ രംഗത്ത് രാജ്യത്തിന് തന്നെ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്താനാകും.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, കുടുംബശ്രീ മിഷൻ ഡയറക്ടർ, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, നോഡൽ ഓഫീസർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# നൈപുണ്യവികസനത്തിലൂടെ തൊഴിൽക്ഷാമം പരിഹരിക്കും

## വിജ്ഞാന കേരളം നൈപുണ്യ പൈലറ്റ് പരിശീലന പരിപാടിക്ക് തുടക്കം

**തിരുവനന്തപുരം:** ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് പാഠ്യപദ്ധതികൾക്കനുസൃതമായി നൈപുണ്യവികസനത്തിന് ഊന്നൽ നൽകി തൊഴിൽസജ്ജരാക്കി തൊഴിൽക്ഷാമം പരിഹരിക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി ആർ ബിന്ദു. അതിനുള്ള ചുവടുവയ്പ്പായാണ് ക്യാംപസുകളിൽ സ്കിൽ ഡെവലപ്മെന്റ് ആൻഡ് കരിയർ പ്ലാനിംഗ് സെല്ലുകൾ രൂപീകരിച്ചത്. തൊഴിൽ അന്വേഷകരേയും തൊഴിൽ ദാതാക്കളെയും നൈപുണ്യ വികസന ഏജൻസികളേയും ബന്ധിപ്പിക്കുന്ന കേരള നോളജ് ഇക്കോണമി മിഷന്റെ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (ഡിഡബ്ല്യുഎംഎസ്) ഇക്കാര്യത്തിൽ വഴികാട്ടിയാണെന്നും മന്ത്രി പറഞ്ഞു. ഉന്നത വിദ്യാഭ്യാസ വകുപ്പ് കേരളാ ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലുമായി (കെഡിസ്ക്) ചേർന്ന് നടപ്പിലാക്കുന്ന വിജ്ഞാന കേരളം പദ്ധതിയുടെ പൈലറ്റ് പരിശീലന പരിപാടി വിമൻസ് കോളേജിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഓരോ വിദ്യാർത്ഥികളുടേയും അഭിരുചികൾ മനസ്സിലാക്കി അനുയോജ്യമായ നൈപുണ്യ വികസന പരിശീലനത്തിലൂടെ തൊഴിൽസജ്ജരാക്കി തൊഴിൽലഭ്യമാക്കുന്ന മികച്ച പ്ലാറ്റ്ഫോമാണ് ഡിഡബ്ല്യുഎംഎസ്. യോഗ്യതയും കഴിവും അനുസരിച്ചുള്ള തൊഴിൽ കണ്ടെത്താനാകും. വ്യക്തിത്വവികാസ, ആശയവിനിമയ, അഭിമുഖ നൈപുണ്യ വികസന പരിശീലനവും ഈ പ്ലാറ്റ് ഫോമിലൂടെ ലഭിക്കും. നൈപുണ്യ വികസനത്തിനായി അസാപ്, കെയ്സ്, ഐസിടി, ഐഎച്ച്ആർഡി, എൽബിഎസ് തുടങ്ങിയ സ്ഥാപനങ്ങൾ സർക്കാർ തലത്തിൽ പ്രവർത്തിക്കുന്നുണ്ട്. അസാപിൽ നിർമ്മിത ബുദ്ധിയിൽ ഉൾപ്പെടെ നൂറ്റിനാൽപതോളം കോഴ്സുകൾ നടത്തുന്നുണ്ട്. സ്റ്റാർട്ടപ്പ് ആശയങ്ങളെ പരിപോഷിപ്പിക്കുന്നതിനുള്ള ഇൻകുബേഷൻ സെന്ററുകൾ ക്യാമ്പസുകളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. മികച്ച ആശയങ്ങളെ പരിപോഷിപ്പിക്കുന്നതിനുള്ള യങ് ഇന്നൊവേറ്റേഴ്സ് പരിപാടിയിലൂടെ അഞ്ചുലക്ഷം രൂപവരെ ധനസഹായം നൽകുന്നുണ്ട്. കേരളത്തെ നവവിജ്ഞാന സമൂഹമായി മാറ്റിയെടുക്കുന്നതിന് ഊന്നൽനൽകിയാണ് വികസന മാതൃകകളിൽ ഒന്നായ ഉന്നതവിദ്യാഭ്യാസത്തെ കാലാനുസൃതമായി നവീകരിച്ച് നൈപുണ്യവികസനത്തിലൂടെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തുന്നതിനും ജനജീവിത ഗുണനിലാരവും വർദ്ധിപ്പിക്കാനും സർക്കാർ മുൻകൈ എടുത്തു പ്രവർത്തിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

നടപ്പ് അധ്യയന വർഷത്തിൽ പൈലറ്റ് നൈപുണ്യ പരിശീലന പരിപാടിയിലൂടെ 25000 വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകാനും അതുവഴി തൊഴിൽ സജ്ജമാക്കുവാനുമാണ് വിജ്ഞാന കേരളം ലക്ഷ്യമിടുന്നത്. പരിപാടിയുടെ ഭാഗമായി ലിങ്ക്ഡിൻ, കോഴ്സറ, ഫൗണ്ടിറ്റ്, ടിസിഎസ്, അയോൺ എന്നീ പ്രമുഖ പങ്കാളിത്ത സ്ഥാപനങ്ങളുമായി സഹകരിച്ച് ജോബ് റോളുകളുടെ അടിസ്ഥാനത്തിലുള്ള കോഴ്സുകൾ, സോഫ്റ്റ് സ്കിൽ വർദ്ധിപ്പിക്കാനായുള്ള വർക്ക് റെഡിനസ് പ്രോഗ്രാം, എംപ്ലോയബിലിറ്റി പരിശീലനം, രണ്ടു ദിവസത്തെ ഇമ്മേഴ്സീവ് ഡൊമെയ്ൻ പരിശീലനം, ഭാഷാ പരിശീലന പരിപാടികളായ പേഴ്സണാലിറ്റി ഡെവലപ്മെന്റ് പരിശീലനം, ബ്രിട്ടീഷ് കൗൺസിലിന്റെ നേതൃത്വത്തിലുള്ള ഇംഗ്ലീഷ് ഭാഷ പരിശീലനം എന്നിവയും ഉൾപെടുത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങങ്ങളിലെ വിദ്യാർത്ഥികൾക്ക് അവരുടെ താൽപര്യവും അഭിരുചിയും അനുസരിച്ച് ഇതിലെ പ്രോഗ്രാമുകൾ തിരഞ്ഞെടുക്കാം. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അദ്ധ്യാപകരുടെയും പൂർണ പങ്കാളിത്തത്തിലൂടെ വിദ്യാർത്ഥികളെ അവരുടെ അക്കാദമിക് മേഖലകൾക്കനുസൃതമായ പരിശീലനം നൽകി പഠന ശേഷം തൊഴിൽ നേടുന്നതിനുള്ള അവരുടെ നൈപുണ്യം ഉറപ്പാക്കുന്നതിനാണ് പ്രാമുഖ്യം നൽകുക. കെഡിസ്ക് മെമ്പർ സെക്രട്ടറി ഡോ പി വി ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷനായിരുന്ന പരിപാടിയിൽ വിജ്ഞാനകേരളം ഉപദേഷ്ടാവും മുൻമന്ത്രിയുമായ ഡോ. ടി.എം. തോമസ് ഐസക് മുഖ്യപ്രഭാഷണം നടത്തി. കൊളീജിയറ്റ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സുധീർ കെ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. ഷാലിജ് പി ആർ, നോളജ് ഇക്കോണമി മിഷൻ ഡയറക്ടർ ഡോ പി എസ് ശ്രീകല, കെഡിസ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ റിയാസ് പി എം, ലിങ്ക്ഡിൻ സീനിയർ കസ്റ്റമർ സക്സസ് മാനേജർ അമിത് മുഖർജി, കോഴ്സിറ ഗവൺമെന്റ് പാർട്ണർഷിപ്പ് ഡയറക്ടർ അഭിഷേക് കോഹ്ലി, ,വിമൻസ് കോളേജ് പ്രിൻസിപ്പൽ അനില ജെ എസ്, ഡോ. സുമേഷ് തുടങ്ങിയവർ സംബന്ധിച്ചു. ഐടി, പോളിടെക്നിക് ഉൾപ്പെടെയുള്ള 80 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളും ഓൺലൈനായി പങ്കെടുത്തു.




# ലൈഫ് പദ്ധതിയിൽ നിർമിച്ച ഭവനങ്ങളുടെ താക്കോൽ കൈമാറി

**കണ്ണൂർ:** മുണ്ടേരി പഞ്ചായത്തിൽ ലൈഫ് പദ്ധതിയിൽ നിർമിച്ച ഭവനങ്ങളുടെ താക്കോൽ ദാനവും പിഎംഎവൈ ഗുണഭോക്തൃ സംഗമവും രജിസ്ട്രേഷൻ, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിച്ചു. ലൈഫ് മിഷൻ പദ്ധതി ഏറ്റവും ശ്രദ്ധേയമായ സാമൂഹിക ക്ഷേമ പദ്ധതിയാണെന്നും ജനങ്ങളുടെ സഹകരണം ഉണ്ടെങ്കിൽ മാത്രമാണ് നാടിന്റെ സാമൂഹ്യക ക്ഷേമം ഉറപ്പാക്കാൻ സാധിക്കുകയുള്ളൂ എന്നും മന്ത്രി പറഞ്ഞു. എല്ലാവിധ സാമൂഹിക മുന്നേറ്റങ്ങളേയും ഏകോപിപ്പിച്ച് കൊണ്ടുപോവുകയാണ് സർക്കാർ. നാടിന്റെ വികസന പ്രവർത്തനങ്ങളിൽ ലക്ഷ്യബോധത്തോടെയും അർപ്പണബോധത്തോടെയും പ്രവർത്തിച്ചതുകൊണ്ടാണ് കേരളം എല്ലാ മേഖലയിലും ഒന്നാം സ്ഥാനം കരസ്ഥമാക്കിയിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു. ലൈഫ് മിഷനിൽ ഉൾപ്പെട്ട 73 പേരും പിഎംഎവൈ ലിസ്റ്റിലെ 23 പേരുമുൾപ്പെടെ 96 പേർക്കാണ് പഞ്ചായത്തിൽ വീട് വച്ച് നൽകിയത്. ലൈഫ് ഗുണഭോക്താക്കൾക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 90 ദിവസത്തെ തൊഴിലും നൽകിയിട്ടുണ്ട്. കൂടാതെ സോക്ക് പിറ്റിനുള്ള ആനുകൂല്യവും നൽകുന്നുണ്ട്. മുണ്ടേരി പഞ്ചായത്ത് ഹാളിൽ നടന്ന പരിപാടിയിൽ പഞ്ചായത്ത് പ്രസിഡന്റ് എ.അനിഷ അധ്യക്ഷയായിരുന്നു. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കെ.ഷിംന പദ്ധതി വിശദീകരിച്ചു. എടക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.കെ പ്രമിള, എടക്കാട് ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ കെ മുംതാസ്, മുണ്ടേരി പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ.പങ്കജാക്ഷൻ, പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ പി.ഗീത, സി.ലത, എച്ച് അബ്ദുൽ നസീർ, ബ്ലോക്ക് മെമ്പർ കെ. ബിന്ദു, ഡിഎംസി ലൈഫ് മിഷൻ എം.പി വിനോദ് കുമാർ, എടക്കാട് ബ്ലോക്ക് പഞ്ചായത്ത് ബിഡി ഒ കെ.വി പ്രസീത, ജനപ്രതിനിധികൾ, രാഷ്ട്രീയപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## സംരംഭകത്വ ശിൽപശാല: അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** സംരംഭകർക്കായി അന്താരാഷ്ട്ര തൊഴിൽ സംഘടനയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റും ചേർന്ന് 6 ദിവസത്തെ ശിൽപശാല സംഘടിപ്പിക്കുന്നു. മാർച്ച് 10 മുതൽ 15 വരെ കളമശ്ശേരിയിലുള്ള KIED ക്യാമ്പസ്സിൽ നടക്കുന്ന പരിശീലനത്തിൽ സംരംഭകർക്ക് പങ്കെടുക്കാം. താൽപര്യമുള്ളവർ http://kied.infot/raining-calender/ വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 30 പേർ മാത്രം ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക്: 0484 2532890/ 2550322/ 9188922800.

## കരാർ നിയമനം

**തിരുവനന്തപുരം:** തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. മാർച്ച് 15ന് വൈകിട്ട് 3.30ന് മുമ്പായി അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്കും അപേക്ഷാ ഫോറത്തിനും www.rcctvm.gov.in സന്ദർശിക്കുക.

## കെൽട്രോൺ അപേക്ഷകൾ ക്ഷണിച്ചു

**തിരുവനന്തപുരം:** തിരുവനന്തപുരം സ്പെൻസർ ജംഗ്ഷനിലുള്ള കെൽട്രോൺ നോളജ് സെന്ററിൽ പി.ജി/ ഡിപ്ലോമ ഇൻ ലോജിസ്റ്റിക് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. വിശദ വിവരങ്ങൾക്ക്: 0471 2337450, 8590605271.

## ഗസ്റ്റ് അധ്യാപക നിയമനം

**തിരുവനന്തപുരം:** തിരുവനന്തപുരം ബാർട്ടൺഹില്ലിലുള്ള സർക്കാർ എൻജിനിയറിങ് കോളേജിൽ രസതന്ത്ര വിഭാഗത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഗസ്റ്റ് അസിസ്റ്റന്റ് പ്രൊഫസർ ഒഴിവിലേക്ക് മാർച്ച് 10 രാവിലെ 10 മണിക്ക് അഭിമുഖം നടത്തുന്നു. എംഎസ്സി കെമിസ്ട്രി 60 ശതമാനം മാർക്കോടെ പാസാകുകയും നെറ്റ് അല്ലെങ്കിൽ പിഎച്ച്ഡി യോഗ്യതയുമുള്ളവർക്ക് പങ്കെടുക്കാം. യോഗ്യതയുള്ള ഉദ്യോഗാർഥികൾ പേര്, മേൽവിലാസം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളുമായി കോളേജിലെ രസതന്ത്ര വിഭാഗം ചേംബറിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: http://www.gecbh.ac.in, 04712300484.

## അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** കേരളത്തിലെ എൻജിനീയറിങ് / ആർക്കിടെക്ചർ / ഫാർമസി / മെഡിക്കൽ / മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്ക് 202526 വർഷത്തെ പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിച്ചു. യോഗ്യരായ വിദ്യാർഥികൾക്ക് www.cee.kerala.gov.in മുഖേന മാർച്ച് 10 വൈകുന്നേരം 5 മണി വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക.

## പ്രിസം കണ്ടന്റ് എഡിറ്റർ: തീയതി നീട്ടി

**തിരുവനന്തപുരം:** ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രിസം പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിൽ കണ്ടന്റ് എഡിറ്റർ പാനലിലേക്ക് അപേക്ഷിക്കാനുള്ള തീയതി മാർച്ച് 10 വരെ നീട്ടി. പ്ലസ് ടുവും വീഡിയോ എഡിറ്റിങ്ങിൽ ഡിഗ്രി/ഡിപ്ലോമ /സർട്ടിഫിക്കറ്റ് കോഴ്സും പാസായവർക്ക് അപേക്ഷിക്കാം.

പ്രവൃത്തി പരിചയം ഉള്ളവർക്ക് മുൻഗണന. പ്രായപരിധി 35 വയസ്. ബയോഡാറ്റയും ബന്ധപ്പെട്ട യോഗ്യതാ സർട്ടിഫിക്കറ്റുകളും സഹിതം cvcontenteditor@gmail.comൽ അപേക്ഷ അയയ്ക്കണം. എഴുത്തു പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ്.

## സെക്യൂരിറ്റി നിയമനം

**പത്തനംതിട്ട:** കോന്നി താലൂക്കാശുപത്രിയിലേക്ക് സുരക്ഷ ജീവനക്കാരായി 179 ദിവസത്തേക്ക് രണ്ടുപേരെ നിയമിക്കുന്നതിന് അഭിമുഖം നടത്തുന്നു. വിമുക്ത ഭടൻമാർക്ക് മുൻഗണന. യോഗ്യത, പ്രവൃത്തി പരിചയം, തിരിച്ചറിയൽ രേഖകളുടെ അസൽ സർട്ടിഫിക്കറ്റും പകർപ്പും സഹിതം മാർച്ച് 11ന് രാവിലെ 10.30 ന് മുമ്പ് സൂപ്രണ്ടിന്റെ ചേമ്പറിൽ ഹാജരാകണം. പ്രായപരിധി 3050. വിദ്യാഭ്യാസ യോഗ്യത പത്താം ക്ലാസ്. തിരഞ്ഞെടുക്കപ്പെടുന്നവർ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. ഫോൺ : 0468 2243469.

## ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സ്

**മലപ്പുറം:** കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ നടത്തുന്ന ഒരു വർഷം ദൈർഘ്യമുള്ള പി.ജി ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (യോഗ്യത: ഡിഗ്രി), പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (യോഗ്യത: പ്ലസ്ടു), ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (യോഗ്യത: എസ്.എസ്.എൽ.സി) തുടങ്ങിയ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഓൺലൈൻ, റെഗുലർ, പാർട്ട്ടൈം ബാച്ചുകളുണ്ട്. മികച്ച ഹോസ്പിറ്റലുകളിൽ ഇന്റേൺഷിപ്പ് ചെയ്യാൻ അവസരമുണ്ട്. ഫോൺ: 7994449314.

# പൊണ്ണത്തടിക്ക് പരിഹാരമായി നൂതന ശസ്ത്രക്രിയ





**ഡോ. ദീപക് വർമ്മ,**
സീനിയർ കൺസൾട്ടന്റ്, സർജിക്കൽ ഗ്യാസ്ട്രോഎന്ററോളജി, ആസ്റ്റർ മെഡ്സിറ്റി, കൊച്ചി

ഒട്ടുമിക്കവരിലും പൊണ്ണത്തടി ഇന്ന് വളരെ ചെറുപ്പത്തിൽ തന്നെ കണ്ടുവരുന്നു. ഭക്ഷണം നിയന്ത്രിച്ചിട്ടും വ്യായാമം ചെയ്തിട്ടും വണ്ണം കുറയാതെ വരുക കൂടി ചെയ്യുന്നതോടെ പലരിലും വിഷാദ രോഗം ഉൾപ്പെടെ കണ്ടുവരുന്നുണ്ട്. എന്നാൽ ശാസ്ത്രീയമായ ചികിത്സകളിലൂടെ വളരെ ലളിതമായി പൊണ്ണത്തടി കുറക്കാനുള്ള മാർഗങ്ങൾ ഇന്ന് നിലവിലുണ്ട്.

ഓഫീസ് ജോലികളും അധികം ആയാസമില്ലാതെ ഇരുന്നുകൊണ്ടുള്ള ജോലിയായ ഐ.ടി. മേഖല പോലെയുള്ള ഡെസ്ക് ജോലികൾ ആണ് കൂടുതൽ പേരും ചെയ്യുന്നത്. മതിയായ രീതിയിൽ ശാരീരിക പ്രവർത്തനങ്ങളിൽ ഏർപ്പെടാത്തത് കൊണ്ട് തന്നെ കൊഴുപ്പ് അടിഞ്ഞ് കൂടാനും വണ്ണം വെക്കാനും ഇത് കാരണമാകുന്നുണ്ട്. ഇതോടൊപ്പം ജനിതക കാരണങ്ങളും ആരോഗ്യകരമല്ലാത്ത ഭക്ഷണരീതിയും മതിയായ ഉറക്കമില്ലായ്മയുമെല്ലാം പൊണ്ണത്തടിക്ക് കാരണമായേക്കാം. സ്ത്രീകളിൽ ഹോർമോൺ വ്യതിയാനങ്ങളും അമിതവണ്ണത്തിനു കാരണമാകാറുണ്ട്.

## ബോഡി മാസ് ഇൻഡക്സ്

ശരീരത്തിലെ കൊഴുപ്പിന്റെ അളവ് കണക്കാക്കുന്നതിനുള്ള മാർഗമാണ് ബോഡി മാസ് ഇൻഡക്സ് (ബി.എം.ഐ). കിലോഗ്രാമിലുള്ള ഭാരവും മീറ്ററിലുള്ള ഉയരവും തമ്മിലുള്ള അനുപാതത്തെ അടിസ്ഥാനമാക്കിയാണ് ബി.എം.ഐ കണ്ടെത്തുന്നത്. ഒരു വ്യക്തിക്ക് അപകടകരമായ രീതിയിൽ അമിത വണ്ണമുണ്ടോ എന്നും മികച്ച ചികിത്സ തിരഞ്ഞെടുക്കുന്നതും ബി.എം.ഐയുടെ അടിസ്ഥാനത്തിലാണ്. 18.5 മുതൽ 24.5 ആരോഗ്യകരമായ ബി.എം.ഐ.

## വണ്ണം കുറയ്ക്കാൻ ശസ്ത്രക്രിയ

ജീവിതശൈലീ മാറ്റങ്ങൾ, ആരോഗ്യകരമായ ഭക്ഷണക്രമം, വ്യായാമം, നല്ല ഉറക്കം തുടങ്ങിയവയിലൂടെ മരുന്നോ ശസ്ത്രക്രിയയോ ഇല്ലാതെ തന്നെ അമിത വണ്ണം പരിഹരിക്കാം എന്നാൽ ജീവിതശൈലിയിൽ കൊണ്ടുവരുന്ന മാറ്റങ്ങൾ വഴി ശരീരഭാരം കുറയ്ക്കാൻ കഴിഞ്ഞില്ലെങ്കിൽ, ബാരിയാട്രിക് ശസ്ത്രക്രിയ രീതികൾ വേണ്ടി വരും.

## ബാരിയാട്രിക് ശസ്ത്രക്രിയ

ബി.എം.ഐ 35നും 45നും ഇടയിലുള്ളവർക്ക് അമിത വണ്ണം മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ശസ്ത്രക്രിയയാണ് ഉചിതം. 40ന് മുകളിലായാൽ ബാരിയാട്രിക് ശസ്ത്രക്രിയ കൂടാതെ പൊണ്ണത്തടി കുറക്കാൻ സാധിക്കില്ല എന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്.

പൊണ്ണത്തടിക്കുള്ള ഏറ്റവും ഫലപ്രദമായ ചികിത്സയാണ് ബാരിയാട്രിക് ശസ്ത്രക്രിയകൾ. ബി.എം.ഐയുടെയും മറ്റേതെങ്കിലും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അതിന്റെയും അടിസ്ഥാനത്തിലാണ് ഏത് വേണമെന്ന് തിരഞ്ഞെടുക്കുന്നത്. ഭക്ഷണത്തിന്റെ അളവ് കുറക്കുക, ദഹനത്തിലൂടെയുള്ള ഭക്ഷണത്തിന്റെ ആഗിരണം കുറക്കുക എന്നിവയാണ് ശസ്ത്രക്രിയയിലൂടെ ചെയ്യുന്നത്.

സ്ലീവ് ഗ്യാസ്ട്രക്ടമി, ഗ്യാസ്ട്രിക് ബൈപാസ് എന്നിവയാണ് പ്രധാനപ്പെട്ട ശസ്ത്രക്രിയകൾ. താക്കോൽദ്വാര ശസ്ത്രക്രിയയിലൂടെ ആമാശയത്തിന്റെ വലിപ്പം കുറക്കുകയാണ് ചെയ്യുന്നത്.

പൊണ്ണത്തടിക്ക് ശാശ്വതമായ പരിഹാരം നേടാം എന്നതിനൊപ്പം നിരവധി ആരോഗ്യ പ്രശ്നങ്ങൾക്ക് കൂടി പരിഹാരം ലഭിക്കുമെന്നതാണ് ബാരിയാട്രിക് ശസ്ത്രക്രിയകളുടെ സവിശേഷത. ശസ്ത്രക്രിയ കഴിഞ്ഞ് ഒന്നര വർഷത്തിനുള്ളിൽ ആരോഗ്യപരമായ വണ്ണത്തിന് (ഐഡിയൽ വെയ്റ്റ്) അടുത്തെത്താൻ കഴിയും.

## ശസ്ത്രക്രിയയ്ക്ക് ശേഷം

ശസ്ത്രക്രിയയ്ക്ക് ശേഷം ഫലം ലഭിക്കണമെങ്കിൽ രോഗിയുടെ സഹകരണം കൂടി അത്യാവശ്യമാണ്. ജീവിതശൈലിയിൽ മാറ്റം കൊണ്ടുവരികയും ആരോഗ്യകരമായ ഭക്ഷണ ശീലം തുടർന്നു കൊണ്ടുപോവുകയും വേണം. കൃത്യമായ വ്യായാമവും അനിവാര്യമാണ്. വർഷത്തിലൊരിക്കലെങ്കിലും ശരീരപരിശോധനകൾ നടത്തണം. മേൽപ്പറഞ്ഞ ശീലങ്ങൾ പാലിക്കാതെ വന്നാൽ ഭാവിയിൽ വീണ്ടും പൊണ്ണത്തടി ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്.





# അമൃതയിൽ ത്രിദിന അന്താരാഷ്ട്ര ഉച്ചകോടിക്ക് തുടക്കമായി

**കൊച്ചി:** അമൃതയിൽ ത്രിദിന അന്താരാഷ്ട്ര ഉച്ചകോടിക്ക് തുടക്കമായി.സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ പരിസ്ഥിതി സൗഹാർദ്ദപരമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്ന ആശയത്തിലൂന്നി സംഘടിപ്പിക്കുന്ന ത്രിദിന അന്താരാഷ്ട്ര ഉച്ചകോടിക്ക് ആണ് അമൃത വിശ്വവിദ്യാപീഠം കൊച്ചി ക്യാമ്പസ് വേദിയാകുന്നത്.

കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. കണ്ണൻ സി വാര്യർ ഉദ്ഘാടനം ചെയ്തു. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ വന സമ്പത്തുകൾ കുറിച്ചും വിശ്വാസത്തിന്റെ ഭാഗമായി വനസംരക്ഷണത്തിന് വിവിധ ജനവിഭാഗങ്ങൾ നടത്തി വരുന്ന പ്രവർത്തനങ്ങളെ കുറിച്ചും ഡോ. കണ്ണൻ സി വാര്യർ വിദ്യാർത്ഥികളോട് സംസാരിച്ചു.പ്രകൃതിയുടെ സ്വാഭാവിക ഒഴുക്കിന് ഒപ്പം നീങ്ങിയാൽ സന്തോഷകരമായ ജീവിതം നയിക്കാൻ സാധിക്കുമെന്ന് അനുഗ്രഹ പ്രഭാഷണത്തിൽ മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദപുരി പറഞ്ഞു.

അന്താരാഷ്ട്ര ഉച്ചകോടിയുടെ ഭാഗമായി വിദ്യാർത്ഥികൾ തയ്യാറാക്കിയ അമൃത കിരണം മാഗസിന്റെ പ്രകാശനവും, ഗോവ അന്താരാഷ്ട്ര ചലചിത്രോത്സവത്തിൽ ഹ്രസ്വ ചലച്ചിത്ര വിഭാഗത്തിൽ പുരസ്കാരങ്ങൾ നേടിയ അന്ധകാറിന് പിന്നിൽ പ്രവർത്തിച്ച വിദ്യാർത്ഥികൾക്കുള്ള സമ്മാനദാനവും ചടങ്ങിൽ നടന്നു. പാനൽ ചർച്ചകൾ, ജൈവ വൈവിധ്യ സംരക്ഷണ പരിശീലന ശില്പശാലകൾ എന്നിവയും മൂന്നു ദിവസം നീണ്ടുനിൽക്കുന്ന ഉച്ചകോടിയുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. ഡോ. ഹർഷ ഭാർഗവി (സാംസ്കാരിക മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്), ഡോ. എറിക് ബീൻ (ഇന്ത്യാന ടെക് യൂണിവേഴ്സിറ്റി, യുഎസ്എ), ഡോ. നിർമ്മാല്യ മുഖർജി (സെന്റർ ഫോർ പബ്ലിക് ഹെൽത്ത് റിസർച്ച്) എന്നിവരുൾപ്പെടെ വിദഗ്ധർ ചർച്ചകൾക്ക് നേതൃത്വം നൽകും.

സുസ്ഥിരതയ്ക്ക് നിർമ്മിത ബുദ്ധിയുടെ പങ്ക് എന്ന വിഷയത്തിൽ ശില്പശാല, പരിസ്ഥിതി സൗഹൃദ ഉത്പന്നങ്ങളുടെ സ്റ്റാളുകൾ എന്നിവ ഉച്ചകോടിയുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. വെള്ളിയാഴ്ച നടക്കുന്ന സമാപന സമ്മേളനം സംസ്ഥാന കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്യും.



# പാൽ ഉത്പ്പന്നങ്ങളുമായി ക്ഷീരകർഷക വികസന വകുപ്പ്

**കൊല്ലം:** വിവിധയിനം പാലുൽപന്നങ്ങൾ, കാലിത്തീറ്റകൾ, പാലിന്റെ മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ എന്നിവ കാണാനും അടുത്തറിയാനുമുള്ള അവസരമൊരുക്കി ക്ഷീരവികസന വകുപ്പ്. പാലിനെ എങ്ങനെ മൂല്യ വർധിത ഉൽപ്പന്നമാക്കി മാറ്റാം എന്നതിന്റെ ബോധവൽക്കരണവും നൽകുന്നുണ്ട്. കൊല്ലം ജില്ല പഞ്ചായത്തിന്റെ നവനീതം പദ്ധതി പ്രകാരം തട്ടാർകോണം ക്ഷീര സംഘങ്ങൾക്ക് മൂല്യ വർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കാനുള്ള ഉപകരണങ്ങൾ നൽകിയതിന്റെ ഭാഗമായി തയ്യാറാക്കിയ പാലുൽപന്നങ്ങളുടെ വിപണനവും സംഘടിപ്പിച്ചിട്ടുണ്ട്. പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിന് നിർബന്ധമായി കൊടുത്തിരിക്കേണ്ട തീറ്റപ്പുല്ല് ഇനങ്ങളും ക്ഷീരകർഷകർക്കായി സജ്ജീകരിച്ചിട്ടുണ്ട്.

# അഖിലേന്ത്യ അന്തർ സർവ്വകലാശാല ശരീര സൗന്ദര്യ ചാമ്പ്യൻഷിപ്പ് സംസ്‌കൃത സർവ്വകലാശാലയിൽ

**കൊച്ചി:** അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന അഖിലേന്ത്യ അന്തർ സർവ്വകലാശാല ശരീര സൗന്ദര്യ (ബെസ്റ്റ് ഫിസിക്ക്) ചാമ്പ്യൻഷിപ്പ് (പുരുഷ വിഭാഗം) ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല യുടെ കാലടി മുഖ്യക്യാമ്പസിലെ ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ മാർച്ച് ഏഴ്, എട്ട്, ഒമ്പത് തീയതികളിൽ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. സർവ്വകലാശാലയുടെ കായിക പഠന വിഭാഗത്തിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ചാമ്പ്യൻഷിപ്പിൽ രാജ്യത്തെ മുന്നൂറോളം സർവ്വകലാശാലകളിൽ നിന്നായി ആയിരത്തിലേറെ മത്സരാർത്ഥികൾ പങ്കെടുക്കും. മത്സരത്തിൽ എട്ട് ശരീരഭാര വിഭാഗങ്ങളിലായി ആദ്യ മൂന്ന് സ്ഥാനം നേടുന്നവർക്ക് മെഡലുകളും ട്രോഫികളും സമ്മാനിക്കും. കൂടാതെ വിവിധ വിഭാഗങ്ങളിൽ നിന്നും 'ചാമ്പ്യൻ ഓഫ് ചാമ്പ്യൻസ്' ആയി തെരഞ്ഞെടുക്കപ്പെടുന്ന മത്സരാർത്ഥികളെ പ്രത്യേകമായി ആദരിക്കും. ഓവർ ഓൾ പ്രകടനം കാഴ്ചവെയ്ക്കുന്ന സർവ്വകലാശാലകൾക്ക് ട്രോഫികൾ സമ്മാനിക്കും.മാർച്ച് ആറിന് രജിസ്ട്രേഷൻ ആരംഭിക്കും. മാർച്ച് ഏഴിന് വൈകിട്ട് 5.30ന് കാലടി ടൗൺ ചുറ്റിയുള്ള ഘോഷയാത്രയിൽ ഇന്ത്യയിലെ മുന്നൂറോളം സർവ്വകലാശാലകളിൽ നിന്ന് എത്തിയിരിക്കുന്ന മത്സരാർത്ഥികളും പരിശീലകരും ടീം മാനേജർമാരും കായിക പഠന വിഭാഗം ഉൾപ്പെടെയുള്ള സർവ്വകലാശാലയിലെ വിദ്യാർത്ഥികളും പങ്കെടുക്കും. തുടർന്ന് വൈകിട്ട് ഏഴിന് ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ കലാ സാംസ്കാരിക പരിപാടികൾ നടക്കും. മാർച്ച് എട്ടിന് വൈകിട്ട് ആറിന് പ്രാഥമിക റൗണ്ട് മത്സരങ്ങൾ ആരംഭിക്കും. മാർച്ച് എട്ടിന് വൈകിട്ട് 7.30ന് കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹ്മാൻ ചാമ്പ്യൻഷിപ്പിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിക്കും. റോജി എം. ജോൺ എം.എൽ.എ. അധ്യക്ഷനായിരിക്കും. വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാ കുമാരി മുഖ്യപ്രഭാഷണം നിർവ്വഹിക്കും. മാർച്ച് ഒമ്പതിന് വൈകിട്ട് ആറിന് ഫൈനൽ റൗണ്ട് മത്സരങ്ങൾ ആരംഭിക്കും. രാത്രി എട്ടിന് നടക്കുന്ന സമാപന സമ്മേളനത്തിൽ വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി സമ്മാനദാനം നിർവ്വഹിക്കും.

# ലഹരിവിപത്തിനെതിരെ ഐ.എച്ച്.ആർ.ഡിയുടെ നേതൃത്വത്തിൽ സ്നേഹത്തോൺ സംഘടിപ്പിക്കും

**തിരുവനന്തപുരം:** യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന അക്രമവാസനക്കെതിരെ സ്നേഹസന്ദേശം പ്രചരിപ്പിക്കുന്നതിനായി ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലെ ഐ.എച്ച്.ആർ.ഡിയുടെ നേതൃത്വത്തിൽ 'സ്നേഹത്തോൺ' സംഘടിപ്പിക്കും. മാർച്ച് 7 ന് വിവിധ നഗരകേന്ദ്രങ്ങളിൽ ഇതിന്റെ ഭാഗമായി പരിപാടികൾ സംഘടിപ്പിക്കും.

സംസ്ഥാനത്തെ 88 ഐഎച്ച്ആർഡി സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ വിവിധ നഗരകേന്ദ്രങ്ങളിൽ ലഹരിവ്യാപനത്തിനെതിരെ റൺ എവേ ഫ്രം ഡ്രഗ്സ് ' എന്ന പേരിൽ കൂട്ടയോട്ടം നടക്കും. രാവിലെ 7.30ന് ആരംഭിക്കുന്ന കൂട്ടയോട്ടത്തിൽ സമൂഹത്തിലെ നാനാതുറകളിൽപ്പെട്ട പ്രമുഖരടക്കം പങ്കാളികളാകുമെന്ന് മന്ത്രി അറിയിച്ചു. കൂട്ടയോട്ടത്തിന്റെ സംസ്ഥാനതല ഫ്ലാഗ്ഓഫ് ഉന്നതവിദ്യാഭ്യാസസാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു കൊല്ലത്ത് നിർവ്വഹിക്കും. ഐഎച്ച്ആർഡി സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സ്നേഹമതിൽ തീർക്കും. തുടർന്ന് നൂറു കേന്ദ്രങ്ങളിൽ ഒരുക്കുന്ന സ്നേഹസംഗമത്തിൽ ഉന്നത സാംസ്കാരികസാമൂഹിക വ്യക്തിത്വങ്ങൾ വിദ്യാർത്ഥികളുമായി സംവദിയ്ക്കും.

കേരളത്തിലെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഐ എച്ച് ആർ ഡി വിദ്യാർത്ഥികളും ജീവനക്കാരും സമൂഹത്തിന്റെ സമസ്ത മേഖലകളിലെയും ഉന്നതവ്യക്തിത്വങ്ങൾക്കൊപ്പം ' റൺ എവേ ഫ്രം ഡ്രഗ്സ് ' കൂട്ടയോട്ടത്തിൽ പങ്കാളികളാവും. തുടർന്ന് ലഹരി എന്ന മഹാവിപത്തിനെതിരെയുള്ള തുടർ പ്രചാരണപരിപാടികൾക്കും ഐ എച്ച് ആർ ഡി നേതൃത്വം നൽകും.

ഉന്നതവിദ്യാഭ്യാസ രംഗത്ത് നൂതനങ്ങളായ പരിപാടികളായി നിർമ്മിതബുദ്ധി അന്താരാഷ്ട്ര കോൺക്ലേവ്, ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്, സ്കിൽ എൻഹാൻസ്മെന്റ് സെന്ററുകൾ എന്നിവ ആവിഷ്കരിച്ചു നടപ്പാക്കുന്ന ഐഎച്ച്ആർഡി സ്ഥാപനങ്ങളിൽ ലഹരിക്കും അക്രമവാസനയ്ക്കുമെതിരെ പുതിയ അവബോധ സൃഷ്ടിക്കാണ് ഇതുവഴി ലക്ഷ്യം വെയ്ക്കുന്നത്. സ്നേഹം, സൗഹാർദ്ദം, സന്തോഷം എന്നിവയിലേക്കു നയിക്കുന്ന ജീവിതമൂല്യങ്ങൾ ക്യാമ്പസുകളിലും സമൂഹത്തിലും പ്രചരിപ്പിക്കുന്നതാവും സംസ്ഥാനത്തെ നൂറു കേന്ദ്രങ്ങളിൽ ഐഎച്ച്ആർഡി ഒരുക്കുന്ന സ്നേഹസംഗമങ്ങൾ.

# ഓർത്തോ ഇംപ്ലാന്റുകൾ വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു

**ആലപ്പുഴ:** ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ 202526 വർഷത്തേക്ക് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (കാസ്പ്), രാഷ്ട്രീയ ബാൽ സ്വസ്ത്യ കാര്യക്രമം (ആർ.ബി.എസ്.കെ), ജനനി ശിശു സുരക്ഷ കാര്യക്രമം (ജെ.എസ്.എസ്.കെ), ആരോഗ്യ കിരണം (എ.കെ) മെഡിസെപ്പ് തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുന്നതും, അല്ലാത്തതുമായ രോഗികളുടെ ആവശ്യത്തിലേക്ക് ആശുപത്രി ഫാർമസി സ്റ്റോറിലും, ഗവ. അംഗീകൃത സ്ഥാപനമായ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലും ലഭ്യമല്ലാത്ത ഓർത്തോ ഇംപ്ലാന്റുകൾ വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിക്കുന്ന അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ടെൻഡർ ക്ഷണിച്ചു. അവസാന തീയതി മാർച്ച് 18 ഉച്ചക്ക് 12 മണി. ഫോൺ: 04792999167.

# സിഐഐ:ശാലിനി വാര്യർ ചെയർപേഴ്സൺ; വി.കെ.സി റസാഖ് വൈസ് ചെയർമാൻ


ശാലിനി വാര്യർ, വി.കെ.സി. റസാഖ്

**കൊച്ചി:** 2025-26 വർഷത്തേക്കുള്ള സിഐഐ കേരള സംസ്ഥാന കൗൺസിൽ ചെയർപേഴ്സണായി ഫെഡറൽ ബാങ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറും റീട്ടെയിൽ ബിസിനസ് മേധാവിയുമായ ശാലിനി വാര്യരെയും വൈസ് ചെയർമാനായി വി.കെ.സി ഫുട്ഗിയർ പ്രൈവറ്റ് ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായവി.കെ.സി. റസാഖിനെയും തിരഞ്ഞെടുത്തു.

സിഐഐ ഇന്ത്യൻ വിമൺ നെറ്റ് വർക്കിന്റെ (ഐഡബ്ല്യുഎൻ) സംസ്ഥാന, ദക്ഷിണേന്ത്യൻ പ്രാദേശിക തലങ്ങളിൽ വിവിധ ചുമതലകൾ  ശാലിനി വാര്യർ കൈകാര്യം ചെയ്തിട്ടുണ്ട്. 2020 ജനുവരി 15 മുതൽ ഫെഡറൽ ബാങ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി ശാലിനി വാര്യർ നിയമിതയായി. വി.കെ.സി. റസാഖ് ഇന്ത്യൻ പാദരക്ഷാ വ്യവസായത്തിലെ പ്രധാന സംരഭങ്ങളിൽ ഒന്നായ  വി.കെ.സി. കോർപ്പറേറ്റ് ഹൗസിന്റെ മാനേജിംഗ് ഡയറക്ടറാണ്.

# എന്റെ കേരളം, എന്റെ ഇമാജിൻ കാമ്പയിൻ  തുടങ്ങി

**കൊച്ചി:** കേരളത്തിൽ കൂടുതൽ വേരുറപ്പിക്കുന്നതിനായി ഇമാജിൻ ബൈ ആംപിൾ 'എന്റെ കേരളം, എന്റെ ഇമാജിൻ' കാമ്പയിൻ ആരംഭിച്ചു. സെലിബ്രിറ്റികളെയും പതിവ് മുഖങ്ങളെയും ഒഴിവാക്കി, പ്രാദേശികതയ്ക്ക് പ്രാധാന്യം നൽകിയാണ് കാമ്പയിൻ നടത്തുന്നത്. ഐഫോൺ 16, മാക്ബുക്ക് എയർ തുടങ്ങിയ ആപ്പിൾ ഉത്പന്നങ്ങൾ ഫീച്ചർ ചെയ്യുന്ന കാമ്പയിൻ, പ്രാദേശിക സ്വാധീനശക്തികളെയും ആകർഷകമായ ദൃശ്യങ്ങളും ആധികാരിക വിവരണങ്ങളും ഉപയോഗിച്ച് തന്ത്രപരമായ കഥപറച്ചിൽ രീതിയാണ് ഉപയോഗിച്ചിരിക്കുന്നത്. ആപ്പിൾ ഉത്പന്നങ്ങൾ കേരളീയ ജീവിതരീതിയുമായി എങ്ങനെ ഇഴുകി ചേരുന്നുവെന്ന് ഈ കാമ്പയിൻ എടുത്തുകാണിക്കുന്നു.

# വനിതാദിനം ആഘോഷമാക്കാൻ ഒ കഫെ

**തിരുവനന്തപുരം:** വനിതാ ദിനമായ മാർച്ച് എട്ടിന് ഉച്ചയ്ക്ക് 12. 30 മുതൽ വൈകുന്നേരം 4 .30 വരെ സവിശേഷമായ തീം ഡൈനിങ്ങോടുകൂടി ആഘോഷമൊരുക്കി ഒ കഫേ. മികച്ചതും വൈവിധ്യമാർന്നതുമായ രുചി അനുഭവങ്ങൾ ആസ്വദിക്കാനായി പ്രത്യേക സജ്ജീകരണങ്ങളും കഫേയിൽ ഒരുക്കിയിട്ടുണ്ട്.പ്രത്യേകം തയ്യാറാക്കിയ ബ്രഞ്ച് ബുഫെയിൽ വനിതാദനത്തിന്റെ കാതൽ പ്രതിഫലിപ്പിക്കുന്ന തരത്തിൽ തയ്യാറാക്കിയ ആകർഷകമായ സാലഡ് മുതൽ രുചികരമായ മെയിൻ  കോഴ്സുകളും അടങ്ങിയ മികച്ച വിഭവങ്ങളാണ്  ഒരുക്കിയിരിക്കുന്നതെന്ന് ഒ കഫേ അധികൃതർ വ്യക്തമാക്കി.സവിശേഷമായ ഓരോ നിമിഷവും  മനോഹരമാക്കാൻ  ഫോട്ടോ ബൂത്തും ഒ കഫേയിൽ ഒരുക്കിയിട്ടുണ്ട്. ഈ ചിത്രങ്ങൾ അതിഥികൾക്ക് ഹോട്ടലിന്റെ ഇൻസ്റ്റഗ്രാം പേജ് ടാഗ് ചെയ്ത് ഷെയർ ചെയ്യുകയും ചെയ്യാം. ഇതിൽ ഏറ്റവും മികച്ച ഫോട്ടോയ്ക്ക് കോംപ്ലിമെൻററി ബുഫേ ഡിന്നർ കൂപ്പണുകളും സമ്മാനമായി ലഭിക്കും. ഒരാൾക്ക് 1899 ++ രൂപയാണ് നിരക്ക്. സീറ്റുകൾ മുൻകൂട്ടി ബുക്ക് ചെയ്യുന്നതിന് +918065551111 എന്ന നമ്പറിൽ ബന്ധപ്പെടാം.

# വിദ്യാ ബാലൻ ഫെഡറൽ ബാങ്ക് ബ്രാൻഡ് അംബാസിഡർ




**കൊച്ചി:** രാജ്യത്തെ മുൻനിര സ്വകാര്യ ബാങ്കുകളിലൊന്നായ ഫെഡറൽ ബാങ്കിന്റെ ബ്രാൻഡ് അംബാസിഡറായി  ചലച്ചിത്രതാരം വിദ്യ ബാലനെ നിയോഗിച്ചു.ചരിത്രത്തിൽ ആദ്യമായാണ് ഫെഡറൽ ബാങ്ക് ഒരു ബ്രാൻഡ് അംബാസിഡറെ നിയമിക്കുന്നത്. മുംബൈയിൽ നടന്ന ചടങ്ങിൽ ഫെഡറൽ ബാങ്ക് മാനേജിങ് ഡയറക്ടറും സിഇഒയുമായ കെവിഎസ് മണിയൻ  ഇതു സംബന്ധിച്ച പ്രഖ്യാപനം നടത്തി.  ബാങ്കിംഗ് മേഖലയിൽ കൂടുതൽ ഉയരങ്ങളിൽ എത്താനുള്ള ബാങ്കിന്റെ പ്രയാണത്തിലെ സുപ്രധാന നാഴികക്കല്ലാണ് ഈ പ്രഖ്യാപനം. ഏതു സംസ്ഥാനത്തു താമസിക്കുന്നവരാണെങ്കിലും ഏതു പ്രായക്കാരാണെങ്കിലും  സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ എല്ലാവരും ശ്രദ്ധിക്കുന്ന വ്യക്തിത്വമാണ് വിദ്യ ബാലനെന്ന് ഫെഡറൽ ബാങ്ക് ചീഫ് മാർക്കറ്റിങ് ഓഫിസർ എംവിഎസ് മൂർത്തി പറഞ്ഞു. 'ഫെഡറൽ ബാങ്കിന്റെ ബ്രാൻഡ്  അംബാസിഡറായി വിദ്യ ബാലനെ ലഭിച്ചതിൽ അതിയായ സന്തോഷമുണ്ടെന്നും വിദ്യാ ബാലൻ വ്യക്തമാക്കി.ടെലിവിഷൻ പരസ്യങ്ങൾ, സോഷ്യൽ മീഡിയ ക്യാംപെയ്നുകൾ തുടങ്ങി ബാങ്കിന്റെ പല മാർക്കറ്റിങ് സംരംഭങ്ങളിലും വരും വർഷങ്ങളിൽ  വിദ്യ ബാലൻ ഭാഗഭാക്കാകും.




# യുഎഇ റോഡ് ഷോ സംഘടിപ്പിച്ചു

**കൊച്ചി:** യുഎഇയിലെ ഉം അൽ കയ്ൻ ഫ്രീ ട്രേഡ് സോൺ സംബന്ധിച്ചും സേവനങ്ങളെയും സൗകര്യങ്ങളെ യും കുറിച്ചും കൂടുതൽ അറിവ് പകരുന്നതിനായി 'സ്കെയിൽ അപ് ഇൻ ദി യുഎഇ' എന്ന പേരിൽ കൊച്ചിയിലും തിരുവനന്തപുരത്തും റോഡ് ഷോ സംഘടിപ്പിച്ചു. ഫിക്കിയുടെ സഹകരണത്തോടെ കേരള സ്റ്റാർട്ടപ്പ് മിഷൻ, സ്റ്റാർട്ട് അപ് ഇൻഫിനിറ്റി, സ്റ്റാർട്ട് അപ് മിഡിൽ ഈസ്റ്റ്, യുഎക്യു ഫ്രീ ട്രേഡ് സോൺ എന്നിവരുടെ പിന്തുണയോടെയാണ് റോഡ് ഷോ സംഘടിപ്പിച്ചത്. കൊച്ചിയിൽ നടന്ന പരിപാടിയിൽ സ്റ്റാർട്ട് അപ്പ് മിഡിൽ ഈസ്റ്റ് സിഇഒ സിബി സുധാകരൻ കെ എസ് യു എമ്മിന്റെ സ്റ്റാർട്ട് അപ് ഇൻഫിനിറ്റിയുടെ ദുബായ് പ്രോജക്റ്റ് സംബന്ധിച്ച് വിശദീകരിച്ചു. യുഎക്യു ഫ്രീ ട്രേഡ് സോൺ ജനറൽ മാനേജർ ജോൺസൺ ജോർജ് ഫ്രീ ട്രേഡ് സോണിനെ കുറിച്ച് സംസാരിച്ചു. തിരുവനന്തപുരത്തും കൊച്ചിയിലും നടന്ന റോഡ് ഷോയിൽ ഫിക്കിയെ പ്രതിനിധീകരിച്ച്  സോമതീരം ആയുർവേദ ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ ബേബി മാത്യു സോമതീരം, സാവിയോ മാത്യു എന്നിവർ പങ്കെടുത്തു.

# നത്തിംഗ് ഫോൺ 3 എ സീരിസ് ഇന്ത്യയിൽ അവതരിപ്പിച്ചു



**കൊച്ചി;** പ്രമുഖ സാങ്കേതികവിദ്യാ കമ്പനിയായ നത്തിംഗ് ആധുനിക ഫീച്ചറുകളോട് കൂടിയ ഫോൺ (3 എ) സീരീസ് പുറത്തിറക്കി. ഒപ്റ്റിക്കൽ സൂമോട് കൂടിയ ട്രിപ്പിൾ ക്യാമറ സംവിധാനം, കരുത്തുറ്റ സ്നാപ് ഡ്രാഗൺ പ്രോസസർ, തിളക്കമാർന്നതും കൂടുതൽ റെസ്പോൺസീവുമായ ഡിസ്പ്ലേ, എസെൻഷ്യൽ സ്പേസ് പോലുള്ള നത്തിംഗ് ഓപ്പറേറ്റിംഗ് സിസ്റ്റം കണ്ടുപിടുത്തങ്ങൾ, അതുല്യമായ ഡിസൈനുകൾ എന്നിവയോടെയാണ് (3 എ)  സീരീസ് പുറത്തിറങ്ങുന്നതെന്ന് കമ്പനി അധികൃതർ അവകാശപ്പെട്ടു.ഇതുവരെയുള്ള ഫോൺ (3 എ) സീരീസിലെ ഏറ്റവും ആധുനികമായ ക്യാമറ, നവീകരിച്ച ഗ്ലാസ് ബാക്ക് പാനലുകൾ, ആന്തരിക ഘടനയിലെ മെച്ചപ്പെടുത്തിയ സിമിട്രി, ഫിനിഷിലുടനീളം പരിഷ്കരിച്ച വിഷ്വൽ ഡീറ്റെയിലിംഗും ഫീച്ചറുകൾ, സ്നാപ്ഡ്രാഗൺണ്ണ 7 എസ് ജെൻ 3 മൊബൈൽ പ്ലാറ്റ്ഫോം തുടങ്ങിയ ഫീച്ചറുകളുള്ള ഉൽപ്പന്നങ്ങളിൽ ആൻഡ്രോയിഡ് 15 ഉപയോഗിച്ച് രൂപകൽപ്പന ചെയ്തിരിക്കുന്ന നത്തിംഗ് ഒഎസ് 3.1 യൂട്ടിലിറ്റി, കസ്റ്റമൈസേഷൻ എന്നിവയ്ക്കായി ട്യൂൺ ചെയ്ത വേഗതയേറിയതും സുഗമവുമായ അടിത്തറയാണ് ഒരുക്കിയിട്ടുള്ളത്.സാംസങ്ങുമായി സാങ്കേതികവിദ്യയിൽ സഹകരിച്ച് രൂപംനൽകിയ 50 എംപി സെൻസർ, നവീകരിച്ച 50 എംപി മെയിൻ സെൻസറും സോണി അൾട്രാ വൈഡ് സെൻസറും ഒപ്റ്റിക്കൽ സൂമും ഉള്ള 3 സീരീസിൽ (2 എ) യേക്കാൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ടാസ്ക്കുകൾ പ്രോസസ്സ് ചെയ്യുന്നതിൽ 92 % അധിക മികവ് പ്രകടിപ്പിക്കുന്നു. 20 ജിബി വരെ ആക്സസ് ചെയ്യാൻ ഉപയോക്താക്കളെ അനുവദിക്കുന്നതിന് റാം ബൂസ്റ്റർ ഫിസിക്കൽ, വെർചൽ റാമിന്റെ സംയോജനം ഉപയോഗിക്കുന്നു, കൂടാതെ വലിയ 4,500 എംഎംഢ വൈപ്പർ ചേംബർ ഫോണിന്റെ താപനില 23 % കുറയ്ക്കുന്നതായും കമ്പനി പറയുന്നു.

# ലിസ് ശ്രാവൺ ലിസി ആശുപത്രിയിൽ സൗജന്യ കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ



**കൊച്ചി:** കേൾവിശക്തി കുറഞ്ഞ കുട്ടികൾക്കായി ലിസി ആശുപത്രിയിൽ സൗജന്യ കോക്ലിയർ ഇംപ്ലാൻറ് ശസ്ത്രക്രിയ നടത്തുന്നു. 18 വയസ്സിൽ താഴെയുള്ള കുട്ടികളെയാണ്  'ലിസ് ശ്രവൺ ' എന്ന് പേര് നൽകിയിരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. പദ്ധതിയിൽ ഉൾപ്പെടുന്നതിനായി പ്രത്യേകം തയ്യാറാക്കിയിട്ടുള്ള 'ക്യു ആർ കോഡ് ' മുഖേനയും 8281002908 എന്ന നമ്പറിൽ വിളിച്ചും ഏപ്രിൽ 30 ന് മുൻപായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. വിശദമായ പരിശോധനകൾക്ക് ശേഷം തെരഞ്ഞെടുക്കപ്പെടുന്ന അർഹരായ കുട്ടികൾക്കാണ് സൗജന്യ ചികിത്സ നൽകുന്നതെന്ന് ലോക കേൾവി ദിനത്തോടനുബന്ധിച്ച് ആശുപത്രിയിൽ  നടന്ന ചടങ്ങിൽ പദ്ധതിയുടെ പ്രഖ്യാപനം നടത്തിക്കൊണ്ട് ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടൻ പറഞ്ഞു. ജോ. ഡയറക്ടർമാരായ ഫാ. റോജൻ നങ്ങേലിമാലിൽ, ഫാ. റെജു കണ്ണമ്പുഴ, അസി. ഡയറക്ടർമാരായ ഫാ. ഡേവിസ് പടന്നക്കൽ, ഫാ. ജെറ്റോ തോട്ടുങ്കൽ, ഡോ. റീന വർഗ്ഗീസ്, ഡോ. മേഘ കൃഷ്ണൻ, ഡോ. ഫ്രാങ്കി ജോസ്, ഡോ. ജോസഫ് മാത്യു, ഡോ. ദിവ്യ മോഹൻ തുടങ്ങിയവർ പങ്കെടുത്തു.രജിസ്റ്റർ ചെയ്യുവാനുള്ള ക്യുആർ കോഡ് ആശുപത്രി വെബ്സൈറ്റിൽ ലഭ്യമാണ്. https://www.lisiehospital.org

# 100 കോടി കടന്ന് അമൃതാഞ്ജന്റെ കോംഫി




**കൊച്ചി:** അമൃതഞ്ജൻ ഹെൽത്ത് കെയർ 2011ൽ ആരംഭിച്ച 'കോംഫി' ഇന്ന് 100 കോടി രൂപ മൂല്യമുള്ള ബ്രാൻഡായി വളർന്നു. ഇന്ത്യയിലെ 355 ദശലക്ഷം ആർത്തവമുള്ള സ്ത്രീകളിൽ 36% മാത്രമാണ് നിലവിൽ സാനിറ്ററി നാപ്കിനുകൾ ഉപയോഗിക്കുന്നത്.ബാക്കിയുള്ളവരിൽ ഏറെയും ആർത്തവ സുരക്ഷ ഉത്പ്പന്നങ്ങളെക്കുറിച്ച് അറിവില്ലാത്ത ഉൾഗ്രാമങ്ങളിൽ നിന്നുള്ള സ്ത്രീകളും പെൺകുട്ടികളുമാണ്.

ഇവരടക്കമുള്ളവരുടെ ആവശ്യങ്ങൾ പരിഹരിക്കാൻ രൂപകൽപ്പന ചെയ്തതാണ് കോംഫിയെന്ന് അമൃതാഞ്ജൻ ഹെൽത്ത്കെയർ ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ എസ്. ശംഭു പ്രസാദ് പറഞ്ഞു. തങ്ങളുടെ വനിതാ ഹൈജീൻ ബിസിനസ്സ് ഉയർന്ന സ്വീകാര്യത നേടിക്കൊണ്ട് ഇരട്ട അക്ക വളർച്ചയാണ് രേഖപ്പെടുത്തുന്നത്. അതുല്യമായ ഡിസൈനിലുള്ള സാനിറ്ററി പാഡുകൾ വിപണിയിൽ അവതരിപ്പിച്ചതിന്റെ ഫലമായാണ് ഈ വളർച്ച കൈവരിക്കാൻ സാധിച്ചത്.

സാനിറ്ററി നാപ്കിൻ ബിസിനസ് വികസിപ്പിക്കുന്നതിനായി ലോകോത്തര നിലവാരത്തിലുള്ള ഒരു സാനിറ്ററി നാപ്കിൻ നിർമ്മാണ പ്ലാന്റ് സജ്ജമാക്കാൻ ഞങ്ങൾ നിക്ഷേപം നടത്തുകയാണ്. മുഴുവൻ സ്ത്രീകൾക്കും താങ്ങാവുന്ന വിലയിൽ ഉയർന്ന ഗുണമേന്മയുള്ള ആർത്തവ സംരക്ഷണം ഒരുക്കുക എന്നതാണ് തങ്ങളുടെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

ദിശ പദ്ധതി പോലെ താഴെത്തട്ടിലുള്ള സംരംഭങ്ങളിലൂടെ സ്ത്രീകളെ ആത്മവിശ്വാസത്തോടെയും ആർജവത്തോടെയും ജീവിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിൽ തങ്ങൾ പ്രതിജ്ഞാബദ്ധരാണ്. കോംഫി പിരീഡ് ട്രാക്കർ പോലുള്ള ആപ്ലിക്കേഷനുകളിലൂടെയും സോഷ്യൽ മീഡിയ ഓൺലൈൻ വിപണികളിലൂടെയും ഉപഭോക്താക്കളുമായുള്ള തങ്ങളുടെ ബന്ധം കൂടുതൽ ശക്തിപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

ബ്രാൻഡിന്റെ സാന്നിധ്യം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി പ്രമുഖ ബോളിവുഡ് താരം ശ്രദ്ധ കപൂറിനെയാണ് ബ്രാൻഡ് അംബാസഡറായി തിരഞ്ഞെടുത്തിട്ടുള്ളത്.ആർത്തവ സംബന്ധ ആരോഗ്യത്തെക്കുറിച്ചുള്ള ബോധവത്ക്കരണവും വ്യക്തി ശുചിത്വ ശീലങ്ങളുടെ പ്രചാണവും ലക്ഷ്യമിട്ടുള്ള ദിശ പദ്ധതിയിലൂടെ താഴെത്തട്ടിൽ വരെയുള്ളവർക്കിടയിൽ വലിയ മാറ്റം കൊണ്ടുവരാൻ കോംഫിക്ക് സാധിച്ചു. അഞ്ച് വർഷങ്ങൾക്ക് മുൻപ് തുടക്കമിട്ട ദിശ പദ്ധതിയിലൂടെ ഇന്ത്യയിലെ 1800ലധികം നഗരങ്ങളിലെ ഏഴ് ലക്ഷത്തോളം ഉപഭോക്താക്കൾക്ക് മികച്ച വ്യക്തിശുചിത്വം ഉൾപ്പടെ ഈ സംരംഭം ഗുണകരമായി ബാധിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

# വായ്പ എടുക്കുന്ന വനിതകളുടെ എണ്ണത്തിൽ 42 ശതമാനം വളർച്ച



**കൊച്ചി:** വായ്പ എടുക്കുന്ന വനിതകളുടെ എണ്ണം വർധിക്കുന്നതിനൊപ്പം വായ്പകളുടെ സ്ഥിതിയെ കുറിച്ചും ക്രെഡിറ്റ് സ്കോറിനെ കുറിച്ചും സജീവമായി വിലയിരുത്തുന്ന വനിതകളുടെ എണ്ണവും വർധിക്കുന്നതായി ട്രാൻസ്യൂണിയൻ സിബിൽ പുറത്തിറക്കിയ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. റിപ്പോർട്ട് പ്രകാരം 2024 ഡിസംബറിൽ ഇന്ത്യയിലെ 27 ദശലക്ഷം വനിതകളാണ് തങ്ങളുടെ വായ്പകളെ കുറിച്ചു സജീവമായ നിരീക്ഷണം നടത്തുന്നത്. 2023 ഡിസംബറിനെ 19 ദശലക്ഷം വനിതകൾ എന്നതിനെ അപേക്ഷിച്ച് 42 ശതമാനം വർധനവാണിത്.രാജ്യത്ത് വനിതകൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിൽ വനിതാ സംരംഭകർ വലിയ പങ്കു വഹിക്കുന്നതായും വനിതാ സംരംഭകർക്ക് 150 മുതൽ 170 ദശലക്ഷം വരെ തൊഴിലവസരങ്ങൾ ലഭ്യമാക്കാനാവുമെന്നും റിപ്പോർട്ട് പുറത്തിറക്കിക്കൊണ്ട് നീതി ആയോഗ് പ്രിൻസിപ്പൽ അഡ്വൈസറും ഡബ്ല്യുഇപി മിഷൻ ഡയറക്ടറുമായ അണ്ണാ റോയി പറഞ്ഞു. വായ്പകൾ ലഭ്യമാക്കുന്നത് വനിതാ സംരംഭകത്വത്തെ പ്രോൽസാഹിപ്പിക്കുന്ന അടിസ്ഥാന ഘടകമാണെന്ന് സർക്കാർ അംഗീകരിക്കുന്നതായി ഇതേക്കുറിച്ചു സംസാരിക്കവെ നീതി ആയോഗ് സിഇഒ ബി. വി. ആർ. സുബ്രഹ്മണ്യം പറഞ്ഞു. ഇന്ത്യൻ സമ്പദ്ഘടനയുടെ വളർച്ചയിൽ പങ്കാളികളായി മുന്നേറാൻ വനിതകൾ തങ്ങളുടെ വായ്പകൾ നിരീക്ഷിക്കുന്നതു തുടരണമെന്ന് ട്രാൻസ്യൂണിയൻ സിബിൽ മാനേജിങ് ഡയറക്ടറും സിഇഒയുമായ ഭവേഷ് ജെയിൻ പറഞ്ഞു.



# ഫോട്ടോമാക്സ് എച്ച്പി ഇൻഡിഗോ ഡിജിറ്റൽ പ്രസ് ഇൻസ്റ്റാളേഷൻ

**കൊച്ചി;** രാജ്യത്തെ പ്രമുഖ ഇന്റഗ്രേറ്റഡ് ടെക്നോളജി സേവനദാതാവും ഫോർച്യൂൺ ഇന്ത്യ 500 കമ്പനിയുമായ റെഡിങ്ടൺ ലിമിറ്റഡ്, എച്ച്പി ഇന്ത്യയുമായി സഹകരിച്ച്, ഫോട്ടോമാക്സ് ഡിജിറ്റൽ പ്രസ്സിൽ എച്ച്.പി. ഇൻഡിഗോ 7കെ ഡിജിറ്റൽ പ്രസ്സിന്റെ ഇൻസ്റ്റാളേഷൻ പ്രഖ്യാപിച്ചു. ഇതിലൂടെ ഉയർന്ന നിലവാരമുള്ള ഫോട്ടോ പ്രിന്റിംഗ്, 7 നിറങ്ങളിലുള്ള ഇലക്ട്രോഇങ്ക് പ്രിന്റിംഗ് ഉപയോഗിച്ച് ഫോട്ടോ ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ എച്ച്പി. ഇൻഡിഗോയ്ക്ക് കഴിയുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

പുതിയ സഹകരണം നാഗർകോവിൽ ജില്ലയിലെ ഈ നൂതന ഏഴ് വർണ്ണ ഡിജിറ്റൽ പ്രിന്റിംഗ് സാങ്കേതികവിദ്യ സ്വീകരിക്കുന്ന ആദ്യത്തെ സ്ഥാപനമായി ഫോട്ടോമാക്സിനെ മാറ്റുമെന്നും ഇതിലൂടെ മികച്ച പ്രിന്റ് ഗുണനിലവാരം, ഉൽപ്പന്ന വൈവിധ്യവൽക്കരണം, സുസ്ഥിരത എന്നിവ ഉറപ്പാക്കാനാകുമെന്നും കമ്പനി അവകാശപ്പെടുന്നു. എച്ച്പി. ഇൻഡിഗോ 7കെ ഡിജിറ്റൽ പ്രസ് ഫോട്ടോഫിനിഷർമാരെയും പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാരെയും ഫോട്ടോ സ്റ്റുഡിയോകളെയും പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിനായി ടോണർ അധിഷ്ഠിത അല്ലെങ്കിൽ സിൽവർ ഹാലൈഡ് ഉൽപാദനം കൊണ്ടുവരാൻ സഹായിക്കുന്നതായും കമ്പനി പറയുന്നു.

എച്ച്പിയുമായും റെഡിങ്ടണുമായുമുള്ള ഉള്ള തങ്ങളുടെ ദീർഘകാല ബന്ധം പുതിയ സഹകരണത്തിലേക്ക് നയിച്ചതായി ഫോട്ടോമാക്സ് സ്ഥാപകൻ റെജിനാൾഡ് കമൽ പറഞ്ഞു.

ഈ പുതിയ സാങ്കേതികവിദ്യ വിവിധ മേഖലകളിലെ ശേഷികൾ വർദ്ധിപ്പിക്കുകയും, മികച്ച നിലവാരം നൽകുകയും ചെയ്യുമെന്നും അദ്ദേഹം വ്യക്തമാക്കി.

